JULY 2014 VOL :22, ISSUE: 7

ALHAQ

# അൽഹഖ്

വഫാ 1393 | ശഅ്ബാൻ– റമദാൻ 1435 | മിഥുനം– കർക്കിടകം 1189



## കർമങ്ങളെയും ആരാധനകളെയും അണിയിച്ചൊരുക്കുക

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

എഴുന്നേൽക്കുക, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിങ്ങളുടെ ആരാധനകളെയും അണിയിച്ചൊരുക്കുക. ഈ ഒരുക്കം എന്നെന്നും നിലനിർത്തുവാൻ ശ്രമിക്കുന്നതാണെന്ന പ്രതിജ്ഞയോടു കൂടി അതിനെ അണിയിച്ചൊരുക്കുക. എഴുന്നേൽക്കുക. നിങ്ങളുടെ കർമങ്ങളെയും മനോഹരമാക്കുക. അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചാക്കുക. ഇനി മുതൽ നമ്മൾ അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമെന്ന ഉദ്ദേശ്യത്തോടെ ശ്രമിക്കുക. എഴുന്നേൽക്കുക. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന് ചെയ്തിട്ടുള്ള പ്രതിജ്ഞയുടെ യഥാർഥ ഗ്രാഹ്യം ഈ മാസത്തിൽ കരസ്ഥമാക്കുന്നതിനായി ശ്രമിക്കുക.

(ജുമുഅ ഖുത്വുബ: 4.7.14)

റമദാൻ
ആത്മീയ ഭൗതീക പുരോഗതികൾ കൈവരിക്കുന്നതിനുള്ള മാസം 3

റമദാൻ ആവട്ടെ
എല്ലാ മാസവും ദിവസവും 7

വിജയിയാകുന്നതിനുള്ള മാർഗങ്ങൾ
ഖുർആനും അനുസരണവും 12

ത്യാഗജീവിതത്തിന് സമ്മതിപത്രം
66 വർഷത്തിനു ശേഷം 16

ചരിത്രം
HISTORY

# മസീഹിന്റെ ശിഷ്യന് ഫൈസൽ രാജാവിന്റെ നന്ദി

സഫ്‌വാൻ

'സഊദി അറേബ്യൻ വിദേശകാര്യമന്ത്രിയും, ഐക്യരാഷ്ട്രസഭയിലെ സഊദി അറേബ്യൻ നയതന്ത്രസംഘത്തിന്റെ തലവനുമായിരുന്ന ഫൈസൽ അൽ സഊദ് രാജാവ് ഐക്യരാഷ്ട്രസഭയിൽ പലസ്തീൻ പ്രശ്നവുമായി ബന്ധപ്പെട്ട് സർ സഫറുല്ലാഹ് ഖാൻ നടത്തിയ ഇടപെടലുകൾക്ക് നന്ദി പറഞ്ഞുകൊണ്ടെഴുതിയ കത്താണിത് '



Sir Muhammad Zafarullah Khan

His Excellency
Sir Muhammad Zafarullah Khan
Minister of Foreign Affairs
Dominion of Pakistan

May 5,1948

പ്രിയ സുഹൃത്തെ,
അസ്സലാമു അലൈക്കും വറഹ്‌മത്തുല്ലാഹ്,

താങ്കൾ വെള്ളിയാഴ്ച തിരികെ പോകുമെന്നറിഞ്ഞതിൽ ഖേദമുണ്ട്. ഞങ്ങളോട് വളരെ അടുത്ത നിലയിൽ സഹകരിക്കുകയും, ഈ കൂടിക്കാഴ്ചയിലും അതുപോലെ ഐക്യരാഷ്ട്രസഭയിൽ പലസ്തീൻ പ്രശ്നം ഉയർന്നു വന്നപ്പോഴൊക്കെയും അങ്ങ് കൈകൊണ്ടിട്ടുള്ള നിലപാടുകൾക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കാൻ ഞാനീ അവസരമൊരുക്കുകയാണ്.

നീതിബോധമുള്ള എല്ലാ വ്യക്തികളിലും അവർക്ക് സ്വയം താങ്കളുടെ പരിശ്രമങ്ങളുമായി യോജിക്കാനുള്ള ഒരാഗ്രഹത്തെ ഉണ്ടാക്കിയെടുക്കാൻ അങ്ങയുടെ ഉത്കൃഷ്ടപ്രമാണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. ഇത് അറബികളുടെ മാത്രം അഭിപ്രായമല്ല മറിച്ച് ലോകമുസ്‌ലിംകളുടേതു കൂടിയാണ്.

ഈ വികാരം പ്രകടിപ്പിച്ചുകൊണ്ട്, താങ്കളുടെ അടുത്ത സന്ദർശന പരിപാടികൾക്കും, നാട്ടിലേക്കുള്ള സുരക്ഷിതമായ മടക്കയാത്രയ്ക്കും ആശംസകളറിയിക്കുന്നു. താങ്കളുടെ പ്രിയപ്പെട്ട രാജ്യത്തെ പുരോഗിയിലേക്ക് നയിക്കുന്നതിൽ ദൈവം താങ്കളെ സഹായിക്കുമാറാകട്ടെ.

ആത്മാർത്ഥയോടെ

ഫൈസൽ അൽ സൗദ്

(Shah Faizal – Saudi Arabia)
Saudi Arabian Delegation
United Nations
New York
9 East , 62 Street



Shah Faizal & Zafarullah Khan Sahib



SAUDI ARABIAN DELEGATION
UNITED NATIONS
NEW YORK
9 East 62 Street

May 5, 1948

His Excellency
Sir Mohammed Zafrullah Khan
Minister of Foreign Affairs
Dominion of Pakistan

My dear friend:

Al salamu alaikum wa rahmat Allah.

It is with great regret that I learned of your departure on Friday and wish to take this opportunity to express to you our heartfelt thanks for your close cooperation and the noble stand which Your Excellency has taken, not only during this meeting, but since the question of Palestine has been put before the United Nations.

Allow me to state that your high principles have created a desire on the part of all righteous persons to identify themselves with the efforts of Your Excellency, not only on behalf of all the Arabs, but Moslems all over the world as well.

In keeping with this sentiment, I wish you in your forthcoming trip, a safe journey home and may God Almighty help you in the development of your beloved Country.

Yours most sincerely,

Faisal al Saud

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



شَهْرُ رَمَضَانَ الَّذِيْٓ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى
وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ۭ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ
فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ۭ يُرِيْدُ اللّٰهُ بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۡ
وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ
(2:186)



# റമദാൻ ആത്മീയ ഭൗതീക പുരോഗതികൾ കൈവരിക്കുന്നതിനുള്ള മാസം

അല്ലാഹു ഈ ആയത്തിൽ പറയുന്നു, വിശുദ്ധഖുർആൻ അതിമഹത്തായ ഒരു ഗ്രന്ഥമാകുന്നു. ഇത് ഹുദൻ ആകുന്നു. അതായത് മതനിയമങ്ങളുടെ കല്പനകളാൽ ഇറക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾക്ക് തങ്ങളുടെ കഴിവുകൾക്കനുസൃതമായി അല്ലാഹുവിലേക്ക് തിരിയുകയും അവന്റെ അനുഗ്രഹങ്ങളും സാമീപ്യവും കരസ്ഥമാക്കുന്നതിനായി അല്ലാഹു തന്റെ ഏതെങ്കിലും പ്രിയ നബിയോ റസൂലോ മുഖേന ലോകത്ത് ഇറക്കികൊടുക്കുന്ന ആകാശീയ മതസംഹിതയെയാണ് ഹിദായത്ത് എന്നു പറയുന്നത്.

ഈ ആകാശീയ മതസംഹിതയെ സംബന്ധിച്ച് അല്ലാഹു പറയുന്നു, ലിന്നാസി. ഇത് ഏതെങ്കിലും സമുദായമോ രാജ്യമോ കാലഘട്ടമോ ആയിട്ട് മാത്രം ബന്ധപ്പെട്ടതല്ല. മറിച്ച് എല്ലാ കാലഘട്ടത്തിലും എല്ലായിട ത്തും വസിക്കുന്നവരുമായിട്ട് ബന്ധപ്പെട്ടതാണ്. ഇതവർക്കായി ഒരു പരിപൂർണ്ണ മതസംഹിതയാകുന്നു.....

പിന്നീട് പറയുന്നു, ഇത് ഹുദൻ ലിന്നായി മാത്രമല്ല മറിച്ച് ബയ്യിനാത്തിമിന്ല ഹുദായും കൂടിയാകുന്നു... ലോകത്ത് ധാരാളം ആളുകൾക്ക് അല്ലാഹു ബുദ്ധി യും വിവേകവും നൽകിയിട്ടുണ്ട്. ചിന്തിക്കുന്നത് അവരുടെ ശീലമാകുന്നു. അത്തരക്കാരുടെ തൃപ്തിക്കുവേണ്ടിയുള്ള സംവിധാനങ്ങൾ അല്ലാഹു ഇതിൽ ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ അവർ വഴിതെറ്റിപ്പോയേക്കാം. അല്ലാഹു പറയുന്നു, നാം അത്തരത്തിലുള്ള ബുദ്ധിശക്തിയുടെ വളർച്ചയ്ക്കുള്ള സംവിധാനവും നാം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഈ ഗ്രന്ഥം കാര്യകാരണ തെളിവുകൾ സഹിതം തന്റെ കല്പനകൾ അനുസരിപ്പിക്കുന്നു.

കൂടാതെ ഇത് ഫുർഖാൻ ആകുന്നു. അതായത് സത്യത്തെയും അസത്യത്തെയും വേർതിരിച്ച് കാണിക്കുന്നു... ഇതിന്റെ അദ്ധ്യാപനങ്ങൾ ദൈവതൃപ്തി കരസ്ഥമാകുന്ന കർമ്മങ്ങളേതെന്നും അധാർമിക കർമ്മങ്ങളേതെന്നും പറഞ്ഞുതരുന്നു.....

അതിനാൽ അല്ലാഹു പറയുന്നു, ഇത്ര മഹത്തായ ഗ്രന്ഥത്തെ നാം റമദാൻ മാസത്തിലാണ് ഇറക്കാൻ ആരംഭിച്ചത്..... ഇത്ര മഹത്തായ ഗ്രന്ഥത്തിന്റെ ആരംഭം റമദാൻ മാസത്തിലായതു കൊണ്ടും ഈ മാസത്തിൽ ഖുർആൻ വീണ്ടും വീണ്ടും ഇറങ്ങിയിരുന്നത് കൊണ്ടും ഈ മാസം വളരെയധികം അനുഗ്രഹീതമാണെന്ന് മനസിലാക്കാം. പറയുന്നു, ഈ മാസത്തെ സംബന്ധിച്ച് വിശുദ്ധഖുർആന്റെ കല്പനകളും കാണപ്പെടുന്നു........... ഈ ആയത്തിൽ പരാമർശിക്കപ്പെട്ട ഖുർആനിക അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെങ്കിൽ റമദാനിലെ ആരാധനകളെ പൂർണമായും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്ന് അല്ലാഹു പറയുന്നു.റമദാനിൽ മനുഷ്യൻ റമദാനിലെ ആരാധകളെ അതായത്, നോമ്പ്, ഐഹിക കർമങ്ങൾ എന്നിവയിലേക്ക് അധികമായി ശ്രദ്ധിക്കുന്നു. ദയ, സാധുക്കളുടെ ആവശ്യങ്ങൾ നിറവേറ്റൽ തുടങ്ങി നബി(സ) പ്രത്യേക ശ്രദ്ധ തിരിച്ചിരിക്കുന്ന ദീനീപ്രവർത്തനങ്ങളിൽ മനുഷ്യൻ മുഴുകുന്നു.

...റമദാനുമായി ബന്ധപ്പെട്ട എല്ലാ ആരാധനകളെയും നിറവേറ്റുകയാണെങ്കിൽ നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ കരസ്ഥമാകുന്നതാണ്. അവയിതാകുന്നു, നിങ്ങൾക്ക് നേർമാർഗം കരസ്ഥമാകുന്നു. ആ നേർമാർഗം നിങ്ങളുടെ ഹൃദയങ്ങളിൽ ആനന്ദാനുഭൂതി സംജാതമാക്കുന്നു.......

.... ഫുർകാനാണ് എന്ന കാരണത്താൽ ഉദ്ദേശശുദ്ധിയോടു കൂടി റമദാനിലെ ആരാധനകൾ നിർവഹിക്കുന്നവരുടെ ആരാധനകൾ സ്വീകരിക്കപ്പെടുന്നു. അല്ലാ ഹു ഫുർഖാൻ നൽകുന്നു. ...... അല്ലാഹു അവന് ഒരു പ്രകാശം നൽകുകയും ആ പ്രകാശത്തെ ഉപയോഗിക്കുന്നതിനുള്ള തൗഫീഖ് അവന് നൽകുക യും ചെയ്യുന്നു എന്നാകുന്നു. ആ പ്രകാശം അവനെ ദൈവസാമീപ്യത്തിലേക്ക് നയിക്കുന്നു.....

....... നാം നിങ്ങളോട് പറയുന്നു, ഫമൻ ശഹിദ മിൻ കുമുശ്ശഹ്റ ഫൽ യസുംഹു..... ആരോഗ്യത്തോടു കൂടി റമദാൻ മാസത്തിൽ പ്രവേശിക്കുന്നവർ റമദാൻ മാസത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം കരസ്ഥമാക്കാൻ ശ്രമിക്കുക. നോമ്പ് നോൽക്കുക, നഫലുകളും അനുഷ്ഠിക്കുക, സാധുക്കളെ ശ്രദ്ധിക്കുകയും ചെയ്യുക, അല്ലാഹുവിന്റെ മാർഗത്തിൽ ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്യുക, തങ്ങളുടെ സഹോദരന്മാരുടെ ദുഃഖങ്ങളിൽ പങ്കുചേരുക, മുഴുവൻ മനുഷ്യകുലത്തോടും സ്നേഹത്തോടെ പെരുമാറുക, സ്വന്തം നാവിനെയും മറ്റ് അവയവങ്ങളെയും അല്ലാഹുവിന്റെ കോപത്തിന് പ്രാത്രമാക്കുന്ന കർമങ്ങളിൽ നിന്ന് തടയുകയും ചെയ്യുക.......

തുടർന്ന് അല്ലാഹു പറയുന്നു, രോഗിയോ യാത്രക്കാരെ മറ്റൊരു സമയത്ത് റമദാന്റെ നോമ്പിന്റെ എണ്ണം പൂർത്തിയാക്കുക. അല്ലാഹു പറയുന്നു, ഇതിലൂടെ ഞാൻ എന്റെ ദാസർക്ക് എളുപ്പത്തെ സംജാതമാക്കാനാണ് ആഗ്രഹിക്കുന്നത്. സ്വന്തം ആഗ്രഹത്തെയും തീരുമാനത്തെയും ഉപേക്ഷിച്ച് അല്ലാഹുവിന്റെ തീരുമാനത്തെ അംഗീകരിക്കുന്നവനാണ് യഥാർഥ വിശ്വാസി. അതിനാൽ രോഗാവസ്ഥയിലും യാത്രാവേളയിലും രോഗിയോ യാത്രക്കാരനെ അല്ലായിരുന്നെങ്കിൽ എന്ന അതിയായ ആഗ്രഹം ഉണ്ടായിരുന്നിട്ടു കൂടി നോമ്പ് എടുക്കില്ല എന്നതാണ് ഒരു യഥാർഥ വിശ്വാസിയുടെ ലക്ഷണം. കാരണം താൻ വിശന്നിരിക്കുന്നതിലല്ല നന്മ മറിച്ച്, തന്റെ ആഗ്രഹത്തെ അല്ലാഹുവിന്റെ തീരുമാനത്തിനു മുന്നിൽ ഉപേക്ഷിക്കുന്നതിലാണ് നന്മ എന്നവനറിയാം.

വലി തുക്മിലുൽ ഇദ്ദത്ത എന്നതിന് പല അർത്ഥങ്ങളുമുണ്ട്. ഒരർത്ഥം ഇതാകുന്നു. ഇവിടെ കഴിച്ചു കൂട്ടുന്ന നിങ്ങളുടെ ആയുസിന്റെ ഈ ഏതാനും നാളുകളിൽ നിങ്ങൾ പൂർണതയിലേക്കെത്തുന്നതിനായിട്ടു വേണ്ടി.

............അല്ലാഹു പറയുന്നു, ഏതൊരു ഉദ്ദേശ്യത്തിനായിട്ടോണോ ഞാൻ നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് ഏതെരു ലക്ഷ്യമാണോ ഞാൻ നിങ്ങളുടെ മുന്നിൽ സമർപിച്ചിട്ടുള്ളത് അത് പൂർത്തിയാക്കുന്നതിനായിട്ടാണ് ഞാൻ ഈ സംവിധാനമെല്ലാം ഒരുക്കിയിട്ടുള്ളത്...

പിന്നീട് ഈ സൽമാർഗത്തെ നിലനിർത്തുന്നതിനും അല്ലാഹു റമദാനിൽ നൽകിയ അനുഗ്രഹങ്ങളെ പാഴായിപ്പോകാതെ സംരക്ഷിക്കുന്നതിനുമായി അല്ലാഹു ഒരു മാർഗം പറഞ്ഞു തന്നിരിക്കുന്നു..........സൽമാർഗവും പ്രകാശവും തെളിവുകളും സമ്പാദിച്ചതിനു ശേഷം നിങ്ങളുടെ മനസിൽ അഹങ്കാരം ഉടലെടുക്കരുത്. തന്റെ ഏതെങ്കിലും ഗുണം കൊണ്ടാണ് ഈ സ്ഥാനം തനിക്ക് കരസ്ഥമായത് എന്നൊരിക്കലും കരുതരുത്. പ്രത്യുത എപ്പോഴെല്ലാം അല്ലാഹുവിന്റെ ഏതെങ്കിലും അനുഗ്രഹം നിങ്ങളിലുണ്ടാകുമ്പോൾ തുകബ്ബിറുല്ലാഹ നിങ്ങൾ അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തുക. സ്വന്തം അസ്ഥിത്വത്തെ മറന്നുകളയുക. ...നിങ്ങളുടേത് ശുഭപര്യവസാനമായിരിക്കും. ഇതാണ് നന്ദി കാണിക്കുന്നതിനുള്ള മാർഗം. ലഅല്ലകും തശ്കുറൂൻ. അതില്ലാതെ നിങ്ങൾക്ക് അല്ലാഹുവിന് നന്ദി പറയാൻ സാധിക്കില്ല....

അഥവാ നിങ്ങൾ അല്ലാഹുവിന്റെ നന്ദിയുള്ള ദാസനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് അനുഗ്രഹം ലഭിക്കുമ്പോഴെല്ലാം തന്നെ തുകബ്ബിറുല്ലാഹ അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തിക്കുക. സ്വന്തം മനസിലും ഹൃദയത്തിലും ആ മഹത്വത്തിന്റെ അനുഭവത്തെ ജീവസുറ്റതും പ്രകാശമയവും സുദൃഢവുമാക്കി നിലനിർത്തുക. നിങ്ങൾ നന്ദിയുള്ളവരായി മാറുക. നിങ്ങൾ നന്ദികാണിക്കുന്നവരായി മാറുമ്പോൾ, തന്റെ വാഗ്ദാനമനുസരിച്ച് അവൻ നിങ്ങൾക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നു. കൂടുതൽ പുരോഗതിയുടെ കവാടങ്ങൾ നിങ്ങൾക്കായി തുറക്കപ്പെടുന്നു.

(ഖുത്ബുബ ജുമുഅ: 24.11.1967)

- ഇബ്നു അശ്റഫ്

ദഅ്‌വത്തെ ഇലല്ലാഹ്



മുജീബ്

# ആര്യസമാജി മുട്ടുമടക്കുന്നു

മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് മർഹൂം



1942 ൽ വിനീതൻ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥിയായിരുന്നു. അന്നാളുകളിൽ പരിശുദ്ധ റമദാൻ മാസത്തിൽ ദർസിനും തറാവീഹിനുമായി ജലന്തർ ജില്ലയിലെ ബംഗയിൽ തങ്ങിയിരിക്കുകയായിരുന്നു. ഒരു ദിവസം എനിക്ക് മൗലാനാ കറം ഇലാഹി സാഹിബ് സഫർ മുജാഹിദ് സ്പെയിനിന്റെ സുഹൃത്തായ ഡോക്ടർ ഫദ്‌ലെ ഹഖ് സാഹിബിന്റെ ക്ലിനിക്കിൽ പോകുന്നതിനുള്ള അവസരം ലഭിച്ചു. അദ്ദേഹം അവിടെ ഉണ്ടായിരുന്ന ഒരു ആര്യസമാജ വ്യക്തിക്ക് എന്നെ പരിചയപ്പെടുത്തി കൊടുത്തു. ഖാദിയാന്റെ പേര് കേട്ടപ്പോൾ തന്നെ അയാൾ ആവേശം കൊള്ളുകയും ആരോപണം ഉന്നയിച്ചുകൊണ്ട് പറഞ്ഞു, നിങ്ങളുടെ നബി മുഴുവൻ ആയുസും **ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം** എന്ന ദുആ ചെയ്തു കൊണ്ടിരുന്നു. അതായത് അവസാനം വരെ അദ്ദേഹത്തിന് സത്യം ലഭിച്ചിരുന്നില്ല (നഊദുബില്ലാഹ്) എന്നാണ് തെളിയുന്നത്. രണ്ടാമത്, സുറത്തുൽ ബഖറയുടെ തുടക്കത്തിൽ തന്നെ വ്യക്തമായി പറഞ്ഞിരിക്കുന്നത് ഖുർആൻ കേവലം ഭയഭക്തികൈക്കൊള്ളുന്നവർക്ക് മാത്രമാണ് നേർമാർഗം കാണിക്കുന്നത്, പാപികൾക്ക് നൽകുന്നതല്ല എന്നാണല്ലോ? അപ്പോൾ ഖുർആൻ കൊണ്ട് എന്ത് പ്രയോജനമാണ് ഉണ്ടായത്?



ഈ ആക്ഷേപങ്ങളിൽ അയാൾക്ക് വലിയ അഭിമാനമുണ്ടായിരുന്നു. ഡോക്ടർ സാഹിബും വളരെ അസ്വസ്ഥനായി മറുപടി പ്രതീക്ഷിക്കുകയായിരുന്നു. ഞാൻ ആര്യയുവാവിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു, ഹിന്ദുമതത്തിൽ ശക്തിമാനായ ദൈവത്തെ അല്ലെങ്കിൽ പരമാത്മാവിനെ പരിമിത അസ്ഥിത്വമായിട്ടാണോ അതോ അപരിമിതനായിട്ടാണോ പറഞ്ഞിരിക്കുന്നത് എന്നതിനെ കുറിച്ച് എനിക്ക് അറിവില്ല. ഖുർആനിക വീക്ഷണമനുസരിച്ച് ദൈവം പരിമിതിയില്ലാത്തവനാണ്. അവന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള മാർഗങ്ങളും അസീമിതവും അപരിമിതവുമാണ്. അതിനാൽ ഒരു വ്യക്തി പ്രവാചകന്മാരുടെ രാജാവാണെങ്കിലും അദ്ദേഹത്തിനായി ദൈവകൃപയുടെ അനന്തമായ കവാടങ്ങൾ തുറന്നു കിടക്കുന്നുണ്ട് എന്നാണ് നബി തിരുമേനി (സ) മുഴുവൻ ആയുസും **ഇഹ്ദിന** എന്ന ദുആ ചെയ്തു കൊണ്ടിരുന്നതിൽ നിന്നു ലഭിക്കുന്ന സന്ദേശം.

ഇനി വിശുദ്ധ ഖുർആൻ **ഹുദൻ ലിൽ മുത്തഖീൻ** ആണെന്ന് പറഞ്ഞതിന്റെ അർഥം, മുൻഗ്രന്ഥങ്ങൾക്കും നിയമങ്ങൾക്കും മനുഷ്യനെ കൂടിവന്നാൽ ഭയഭക്തിയുള്ളവനാക്കി മാറ്റാനെ സാധിക്കുമായിരുന്നുള്ളു. എന്നാൽ പരിപൂർണഗ്രന്ഥമായ വിശുദ്ധഖുർആൻ ഭയഭക്തി കൈക്കൊണ്ടവർക്കും മാർഗദർശനമാണ്.

കൂടാതെ **മുത്തഖി** എന്നതിന്റെ ഒരർഥം പഥ്യം പാലിക്കുന്ന ആൾ എന്നുമുണ്ട് എന്നത് അംഗീകരിക്കപ്പെട്ടതാണ്. മരുന്ന് എത്ര തന്നെ സ്വാധീനം ചെലുത്തുന്നതാണെങ്കിലും ചികിൽസയോടൊപ്പം ഡോക്ടറുടെ നിർദേശമനുസരിച്ചുള്ള പഥ്യവും കൂടി പാലിച്ചാലെ അതുകൊണ്ട് പ്രയോജനമുണ്ടാകൂ എന്നത് വാസ്തവമാണ്.

എന്റെ ഈ മറുപടി ആര്യസമാജ ആക്ഷേപകനെ തികച്ചും നിശബ്ദനാക്കി. ഡോക്ടർ ഫദ്‌ലെ ഹഖ് സാഹിബിന്റെ മുഖവും സന്തോഷത്താൽ പ്രകാശിക്കാൻ തുടങ്ങി.

(ദിൽചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)

## ശതാബ്ദം

1914 ജൂൺ - ജൂലൈ

എസ്

- ❖ ഒരു ദർശനത്തിന്റെ വെളിച്ചത്തിൽ, ജമാഅത്ത് അഹ്മദിയ്യായെ ക്കുറിച്ച് ഡെക്കാൻ നവാബിന് പരിചയപ്പെടുത്തുന്നതിനായി ഹുസൂർ തുഹ്ഫത്തുൽ മുൽഖ് രചിച്ചു.
- ❖ 1905 ലെ മസീഹ് മൗഊദ് (അ) ന്റെ പ്രവചനപൂർത്തീകരണമായി ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു.
- ❖ ബംഗാളിലെ ജനങ്ങൾക്കായി ഒരു ലഘുലേഖ തയ്യാറാക്കി. ഇത് ബംഗാളി ഭാഷയിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത് 1914 ജൂലൈയിൽ കൽക്കട്ടയിൽ വെച്ചാണ്.

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)






# അസ്വിയാമു ജുന്നത്തുൻ

### നോമ്പ് പരിച

ഒരു ഹദീസിൽ നബി (സ) ഇപ്രകാരം അരുളുന്നു, നോമ്പ് പരിചയാകുന്നു. അതായത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി നോമ്പിനെ നിങ്ങൾ പരിചയായി ഉപയോഗിക്കുകയാണെങ്കിൽ അല്ലാഹു സ്വയം നിങ്ങളുടെ പരിചയായിത്തീരുന്നതാണ്. അവൻ നിങ്ങളെ വലിയ വലിയ പാപങ്ങളിൽ നിന്ന് രക്ഷിക്കുക മാത്രമല്ല മറിച്ച് ചെറിയ ചെറിയ തിന്മക ളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതാണ്. എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരായിരിക്കുകയും ചെയ്യും. നന്മ ചെയ്യുന്നതിനുള്ള തൗഫീഖും നി ങ്ങൾക്ക് ലഭിക്കുന്നതാണ്. എന്നാൽ നോമ്പുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും നിങ്ങൾ പാലിച്ചെങ്കിൽ മാത്രമെ ഇതി സാധ്യമാകുകയുള്ളു.

### സമ്പൂർണ വ്രതം

ഇതുമായി ബന്ധപ്പെട്ട് നമുക്ക് നൽകിയിരിക്കുന്ന നിർദേശങ്ങൾ ഇവയാണ്, നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ നിങ്ങളുടെ കാതുകളും കണ്ണുകളും നാവും കയ്യും മറ്റെല്ലാ അവയവങ്ങളും കൂടി വ്രതമനുഷ്ഠിക്കേണ്ടതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന പരിച പ്രയോജനപ്പെടണമെങ്കിൽ അത് ഉപയോഗിക്കുന്നത് എങ്ങിനെയെന്ന് നാം അറിഞ്ഞിരിക്കണം. വ്രതമനുഷഷ്ഠിച്ചതു കൊണ്ട് മാത്രം ഭയഭക്തിയുടെ പദവി നമുക്ക് കരഗതമാകില്ല. അതിനായി നമ്മെ സജ്ജമാക്കിത്തീർക്കേണ്ടതുണ്ട്. അല്ലാഹു നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കാൻ നാം ബാധ്യസ്ഥരാണ്......

### പരിചയ്ക്കു പിന്നിൽ അണിനിരക്കുക

ചുരുക്കത്തിൽ ഭയഭക്തി സ്വായത്തമാക്കുന്നതിന് നാം ചെയ്യേണ്ടത് നോമ്പാകുന്ന പരിചയ്ക്ക് പിന്നിൽ അണിനിരക്കുക എന്നതാണ്. അത് യഥാർഥത്തിൽ അല്ലാഹുവിന്റെ പരിചയാകുന്നു. അതുകൊണ്ടാണ് നോമ്പിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്..........

### കാതുകളുടെ വ്രതം

അതിനാൽ ഈ പരിചയുടെ പ്രയോജനം ശരിയായ നിലയിൽ നമുക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ നാം ആത്മപരിശോദന നടത്തിക്കൊണ്ട് നമ്മുടെ കാതുകളെ വ്യർഥമായ കാര്യങ്ങൾ കേൾക്കുന്നതിൽ നിന്ന് സംരക്ഷിച്ചു നിർത്തണം. മതത്തെ പരിഹസിക്കുന്ന, മതകാര്യങ്ങളെ പരിഹാസത്തോടെ കാണുന്ന സദസ്സുകളിൽ നിന്ന് വിട്ടുനിൽക്കണം. തന്റെ സഹോദരന്റെ പരദൂഷണം പറയുന്ന സദസ്സുകളിൽ നിന്ന് വിട്ടു നിൽക്കണം.അല്ലാഹു വിലക്കിയിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും നാം വിട്ടു നിൽക്കേണ്ടതുണ്ട്.

### കണ്ണുകളുടെ വ്രതം

ഉദാഹരണത്തിന്, പുരുഷന്മാരോട് ദൃഷ്ടികൾ താഴോട്ട് പതിപ്പിക്കണമെന്ന് കല്പിച്ചിരിക്കുന്നു. അന്യസ്ത്രീകളെ നോക്കരുതെന്ന് കല്പിച്ചിരിക്കുന്നു. ഇക്കാലത്ത് സമയം പാഴാക്കുന്നതിനായി വ്യർഥവും അശ്ലീലവുമായ ചില ഫിലിമുകൾ പ്രദർശിപ്പിക്കാറുണ്ട്. അതിൽ നിന്ന് വിട്ടു നിൽക്കാനും കല്പനയുണ്ട്. റമദാൻ മാസത്തിൽ നാം ഈ രീതിയിൽ ശീലിച്ചാൽ റമദാൻകൊണ്ട് ഫലമനുഭവിച്ചവർ ഭാവിജീവിതത്തിലും ഇത്തരം തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ സാധ്യതയുണ്ടെന്ന് നമുക്ക് ആശിക്കാം.

### നാവിന്റെ വ്രതം

എന്താണ് നാവിന്റെ വ്രതം? നാവുകൊണ്ട് ആരെയും ചീത്ത പറയരുത്, ആരേയും വേദനിപ്പിക്കരുത്. അതുകൊണ്ടാണ് നോമ്പുകാരനോട് വല്ലവരും തർക്കിക്കുകയോ മോശമായി പെരുമാറുകയോ ചെയ്താൽ ഞാൻ നോമ്പു കാരനാണെന്ന് മാത്രം പറഞ്ഞ് മിണ്ടാതിരിക്കുക എന്ന് ഒരു ഹദീസിൽ വന്നിട്ടുള്ളത്. അതായത് നീ എന്നെ എന്തു തന്നെ പറഞ്ഞാലും ഞാൻ പ്രതികരിക്കില്ല. കാരണം എല്ലാ അവയവങ്ങൾക്കും വ്രതമുള്ള ഒരു ശിക്ഷണ പരിശീലന പദ്ധതിയിലൂടെയാണ് ഞാൻ ഇപ്പോൾ കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. അതിനാൽ എന്റെ നോമ്പിനെ പാഴാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

### കൈകളുടെ വ്രതം

കൈകൾക്കും നോമ്പുണ്ട്. തെറ്റായ ഒരു കാര്യവും കൈകൊണ്ട് ചെയ്യാതിരിക്കുകയാണ് അതിന്റെ നോമ്പ്. അല്ലാഹു നിരോധിക്കുകയോ അവന്റെ റസൂൽ വിലക്കുകയോ ചെയ്തിട്ടുള്ള ഒന്നും തന്നെ മറ്റുള്ളവർക്ക് വേണ്ടിയും ചെയ്യരുത്.

### ആജ്ഞാലംഘനം

ഒരാൾ പന്നി മാംസം സ്വയം തിന്നുന്നില്ലെന്നിരിക്കട്ടെ. എന്നാൽ അദ്ദേഹം അത് മറ്റുള്ളവരെ തീറ്റിപ്പിക്കുന്നുവെങ്കിൽ അത് ആജ്ഞാലംഘനമാണ്, തെറ്റായ നടപടിയാണ്. മദ്യപിക്കുന്നില്ലെങ്കിലും മറ്റുള്ളവരെ അവൻ കുടിപ്പിക്കുന്നുണ്ടെങ്കിൽ അതും പാപമാണ്. മദ്യം കുടിപ്പിക്കുന്നവന്റെ മേലും നബി (സ) തിരുമേനി ശാപം ചൊരിഞ്ഞിട്ടുണ്ട്.

### യഥാർഥ പരിച

നോമ്പിന്റെ അവസ്ഥയിൽ പാലിക്കേണ്ട നിർദേശങ്ങൾക്കനുഗുണമായി ജീവിക്കുമ്പോഴാണ് യഥാർഥത്തിൽ നോമ്പ് നമുക്ക് പരിചയായിത്തീരുന്നതും നാം ഭയഭക്തരായി മാറുന്നതും. അപ്പോഴാണ് ഈ പരിച ഉപയോഗിക്കുവാനുള്ള പരിശീലനം ശരിയായ നിലയിൽ അവന് ലഭിക്കുന്നത്. ഇങ്ങനെയല്ലെങ്കിൽ നോമ്പ് കൊണ്ട് യാതൊരു ഗുണവും ലഭിക്കില്ല. നാം ആത്മവഞ്ചന നടത്തുന്നതോടൊപ്പം അല്ലാഹുവിനെയും വഞ്ചിക്കലായിരിക്കും.

### വെറുതെ പട്ടിണികിടക്കേണ്ട

നബി (സ) തിരുമേനി അരുളുന്നു, എല്ലാ നിബന്ധനകളോടും കൂടി വ്രതമനുഷ്ഠിക്കുന്നില്ലെങ്കിൽ അല്ലാഹു കല്പിച്ചിരിക്കുന്ന അനുഷ്ഠാനങ്ങൾ നിങ്ങൾ പാലിക്കുന്നില്ലെങ്കിൽ നിങ്ങൾ പട്ടിണി കിടക്കുന്നതിന്റെ ഒരാവശ്യവും അല്ലാഹുവിനില്ല തന്നെ.

### അല്ലാഹുവിനെ പരിചയാക്കുക

അതിനാൽ അല്ലാഹുവിന്റെ എല്ലാ കല്പനകളെയും വിലക്കുകളെയും മുന്നിൽ വെച്ചുകൊണ്ട് ജീവിതം നയിക്കാനുള്ള പരിശീലനം ഈ മാസം നാം ശീലിക്കേണ്ടതുണ്ട്. തൽഫലമായി അവൻ കല്പിച്ച പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് നാം അവന്റെ പ്രിയദാസരായി മാറുന്നതാണ്. അങ്ങിനെയെങ്കിൽ അവൻ സദാ നമ്മുടെ പരിചയായിത്തീരുന്നതാണ്. ശത്രുക്കളുടെ സർവഅക്രമണങ്ങളിൽ നിന്നും തന്റെ വരിഷ്ഠദാസരെ സംരക്ഷിക്കുന്നതു പോലെ നമ്മെയും സംരക്ഷിക്കുന്നതാണ്. (ഖുത്വുബ ജുമുഅ: 05.09.2008)




# ആത്മീയ വസന്തം

വിശുദ്ധഖുർആൻ അവതരിക്കാൻ തുടങ്ങിയ അനുഗൃഹീതമാസമായ റമദാനിലൂടെയാണ് നാം കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. ആത്മീയ വസന്തകാലം എന്ന് വിശേഷിപ്പിക്കുന്ന റമദാൻ മാസം മനുഷ്യനെ അവന്റെ യഥാർഥഉദ്ദേശ്യത്തിലേക്ക് എത്തിക്കുന്നതിന് ഒരു സുവർണ്ണാവസരമായി നിലകൊള്ളുന്നു. സ്വർഗകവാടങ്ങൾ തുറന്നുകൊണ്ടും നരകകവാടങ്ങൾ അടച്ചിടപ്പെട്ടും ശൈത്വാനെ ബന്ധനസ്ഥനാക്കിയും മനുഷ്യന് ജീവിതലക്ഷ്യം നേടുന്നതിനുള്ള അവസരവും, തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള സന്ദർഭങ്ങളും ലഭ്യമാകുന്നതും തിന്മയിൽ നിന്ന് രക്ഷപ്രാപിക്കുന്ന തരത്തിൽ ശൈത്വാനെ കെട്ടിയിട്ടതായി അനുഭവപ്പെടുന്നത് ആ ലക്ഷ്യങ്ങളെ പൂർത്തിയാക്കാനായി നന്മ ചെയ്യാൻ ആഗ്രഹവും തിന്മയിൽ നിന്ന് രക്ഷപ്പെടാൻ അഭിലാഷവും ഉള്ളവർക്ക് മാത്രമാണ്. നമ്മുടെ ജീവിത ലക്ഷ്യം നന്മകൾ ചെയ്തും ദൈവകൽപനകൾ അനുസരിച്ചും അവനെ ആരാധിച്ചും ദൈവസാമിപ്യം കരഗതമാക്കുക എന്നതാണെങ്കിൽ അതിനുള്ള ഏറ്റവും നല്ല അവസരമാണ് റമദാനിൽ ഒരു മാസം ലഭിക്കുന്നത്. ദൈവം അനുവദിച്ചിട്ടുള്ള കാര്യങ്ങൾ പോലും മനുഷ്യൻ ദൈവപ്രീതിക്കു വേണ്ടി വ്രതസമയത്ത് ഉപേക്ഷിക്കുമ്പോൾ എത്ര വലിയ ത്യാഗത്തിനും താൻ തയ്യാറാണെന്ന് ഈ മാസത്തിലൂടെ തെളിയിച്ച് കൊണ്ട് അവന്റെ കൽപനകളെ അവന്റെ തൃപ്തിക്കു വേണ്ടി നടപ്പിൽ വരുത്തുന്നു. അങ്ങനെ ഈ ലക്ഷ്യം നിറവേറ്റാൻ വേണ്ട പ്രയത്നങ്ങൾ ഈ മാസത്തിൽ ഓരോരുത്തരും ചെയ്തു കൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാം നമ്മെ ഓർമ്മപ്പെടുത്തിയ മറ്റൊരു കാര്യം ഈ പ്രവർത്തനങ്ങളും ത്യാഗങ്ങളും ഈ ഒരു മാസം മാത്രം പരിമിതമാക്കരുത് , മറിച്ച് ഈ നിലവാരം വരും മാസങ്ങളിലും നിലനിർത്താനും പരിശ്രമിക്കേണ്ടതാണ് എന്നാണ്. അങ്ങനെ നമുക്ക് ഓരോരുത്തർക്കും ദൈവസാമീപ്യം കരഗതമാവുന്ന തരത്തിലുള്ള പരിശ്രമങ്ങൾ നടത്താനും അത് നിലനിർത്താനും അടുത്ത റമദാനിൽ വീണ്ടും ഉന്നതിയിലെത്താനും അല്ലാഹു നമുക്കെല്ലാവർക്കും സൗഭാഗ്യം നൽകട്ടെ

– ടി. ജംശാദ് മുക്കം

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



### നോമ്പിലൂടെ ദിവ്യദർശനം

നോമ്പും നമസ്കാരവും രണ്ട് ആരാധനകളാണ്. നോമ്പ് ശരീരത്തിലും നമസ്കാരം ആത്മാവിലുമാണ് ഊന്നൽ നല്കുന്നത്. നമസ്കാരം കൊണ്ട് ഒരു തരത്തിലുള്ള ഉള്ളുരുക്കം ഉടലെടുക്കുന്നു. അതുകൊണ്ടു തന്നെ അതു ശ്രേഷ്ഠമാണ്. നോമ്പു മുഖേന ദിവ്യദർശനങ്ങളുണ്ടാകുന്നു.

(മൽഫൂസാത്ത് വാള്യം 7)

### നോമ്പ് ഹൃദയത്തെ ദീപ്തമാക്കുന്നു

ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്ന വചനത്തിൽ നിന്ന് റമദാന്റെ മഹത്വം പ്രകടമാണ്. ഈ മാസം ഹൃദയത്തെ തേജോമയമാക്കുന്നതിന് പറ്റിയതാണെന്ന് സൂഫികൾ എഴുതിയിരി ക്കുന്നു.

ധാരാളം ആത്മീയ ദർശനങ്ങൾ ഉണ്ടാകുന്ന മാസമാണിത്. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുമ്പോൾ നോമ്പ് ഹൃദയത്തെ ദീപ്തമാക്കുന്നു. നഫ്സെ അമ്മാറയുടെ ആസക്തികളിൽ നിന്ന് അകലുന്നു എന്നുള്ളതാണ് ആത്മസംസ്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഹൃദയശോഭ കൊണ്ടുദ്ദേശിക്കുന്നത് ദിവ്യദർശനങ്ങളുടെ കവാടം തുറന്നുകൊണ്ട് ദൈവത്തെ ദർശിക്കുക എന്നതാണ്.

(മൽഫൂസാത്ത് വാള്യം 4)

### ഒഴിവുകഴിവു സ്വീകാര്യമല്ല

റമദാനു വേണ്ടി വളരെ സന്തോഷപൂർവ്വം കാത്തിരിക്കുകയും എന്നാൽ രോഗം കാരണത്താൽ നോമ്പ് അനുഷ്ഠിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന വ്യക്തിക്ക് ആകാശത്ത് നോമ്പിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. ഒഴികഴിവ് പറയുന്ന ധാരാളം പേർ ലോകത്തുണ്ട്. മറ്റുള്ളവരെപ്പൊലെ ദൈവത്തെയും വഞ്ചിക്കാമെന്നാണ്... ഒഴികഴിവുകൾ പറയുന്ന മനുഷ്യൻ വ്യാഖ്യാനങ്ങളെ ആശ്രയിക്കുന്നു. എന്നാൽ ദൈവത്തിങ്കൽ ഈ താങ്ങുകൾക്കൊന്നും ഒരു സ്ഥാനവുമില്ല.

# എല്ലാ മാസവും എല്ലാ ദിവസവും റമദാൻ ആവട്ടെ



### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

എന്റെ ജമാഅത്തിലെ സുഹൃത്തുക്കൾ റമദാനിൽ പ്രാർഥനയെ എങ്ങനെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നതെന്ന് എനിക്കറിഞ്ഞു കൂടാ. എന്നാൽ പ്രത്യേക ശ്രദ്ധയോടെ സ്ഥൈര്യത്തോടെ ദുആ ചെയ്തിട്ടുള്ളവർ അവ തങ്ങളുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സ്വന്തം തന്നെയും എത്രമാത്രം സ്വാധീനമാണ് ചെലുത്തിയിട്ടുള്ളതെന്ന് അവർ കാണുന്നതാണ്. അല്ലാഹു എനിക്ക് റമദാൻ മാസത്തിൽ മുമ്പത്തേക്കാളുപരി ദുആ ചെയ്യാനുള്ള അവസരം നൽകിയിരിക്കുകയാണ്. ചില ദിവസങ്ങളായി അതിന്റെ ഫലങ്ങളും പ്രത്യക്ഷ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. എന്നെ ബാധിച്ചിരുന്ന ഒരുപാട് ദു:ഖങ്ങളും പരിഭ്രമങ്ങളും അകറ്റിക്കൊണ്ട് അല്ലാഹു എന്റെ സന്തോഷത്തിനുള്ള ഏർപ്പാടു ചെയ്തിരിക്കുകയാണ്. ദു:ഖങ്ങൾ എല്ലാ മനുഷ്യർക്കും ഉണ്ടാകും. എനിക്കും ഉണ്ടാകാറുണ്ട്. എന്നാൽ എന്റെ ദു:ഖം ജമാഅത്തുമായി ബന്ധപ്പെട്ടതാണ്. എന്റെ ദു:ഖങ്ങൾ എന്ന് ഞാൻ പറയുമ്പോൾ ജമാഅത്തിന്റെ നന്മയ്ക്കും അതിന്റെ പുരോഗതിക്കും വേണ്ടിയുള്ള ദു:ഖമാണ്. എന്റെ എല്ലാ സുഹൃത്തുക്കളും ദുആയിലൂടെ എന്നെ സഹായിക്കുകയാണെങ്കിൽ നബി തിരുമേനി(സ) യും ഹദ്റത്ത് മസീഹ് മൗഊദും മറ്റു പ്രവാചകന്മാരും ഏതൊരു മഹത്തായ ലക്ഷ്യം പൂർത്തിയാകണമെന്നാണോ ആഗ്രഹിച്ചത് അത് പൂർത്തിയാക്കാൻ സാധിക്കുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല.

റമദാൻ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, വിശ്വാസികൾക്ക് എന്നും റമദാൻ ആണെന്ന കാര്യത്തിലേക്ക് ഞാനെന്റെ സുഹൃത്തുക്കളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. അവൻ എപ്പോൾ ദുആ ചെയ്താലും അത് സ്വീകരിക്കപ്പെടുന്നതാണ്. ദുആ സ്വീകാര്യത റമദാൻ മാസത്തിൽ മാത്രം ഒതുങ്ങുന്നില്ല. വിശ്വാസിയെ സംബന്ധിച്ചിടത്തോളം വർഷം മുഴുവനും റമദാൻ ആണ്. എല്ലായിപ്പോഴും റമദാൻ എന്നോണം അവന്റെ ദുആകൾ അല്ലാഹു കേൾക്കുന്നു. നമ്മുടെ ദൈവം ദിവസങ്ങളെന്നോ മാസങ്ങളെന്നോ വർഷങ്ങളെന്നോ നൂറ്റാണ്ടുകളിലോ കാലങ്ങളിലോ ഒതുങ്ങി നിൽക്കുന്നവനല്ല. കാലം അവനെ സ്വാധീനിക്കാൻ സാധിക്കില്ല. എന്തെന്നാൽ കാലം അവന്റെ സൃഷ്ടിയും അവൻ കാലത്തിന്റെ സ്രഷ്ടാവുമാണ്. അതുകൊണ്ട് ഇന്ന മാസം ഇന്ന വർഷം ഇന്ന ദിവസം ദൈവം ദുആ കേൾക്കുന്നവനാണ് എന്ന് പറയരുത്. അങ്ങനെ പറയുന്നത് അവന്റെ ആധിപത്യത്തിനും ശക്തിക്കും പരിധി കല്പിക്കലാണ്. അവന്റെ സത്ത എല്ലാവിധ പരിധികളിൽ നിന്നും സ്വതന്ത്രവും പരിശുദ്ധവുമാണ്. റമദാനിൽ ദുആ കേൾക്കുന്നതു പോലെ മറ്റു ദിവസങ്ങളിലും അവൻ ദുആ കേൾക്കുന്നവനാണ്. എന്നാൽ എല്ലാ ദിനവും റമദാൻ ആയിത്തീരുമാറ് മനുഷ്യൻ തന്നെ പ്രാപ്തനാക്കേണ്ടതുണ്ട്.

റമദാനിൽ പ്രത്യേക ബർക്കത്തുകൾ ഒന്നുമില്ലെന്ന് ഇതിനർഥമില്ല. അതിനും വലിയ പ്രയോജനങ്ങളുണ്ടെന്നതിന് സംശയമില്ല. റമദാൻ ദിനങ്ങളിൽ നിങ്ങൾ ചെയ്യുന്ന ദുആകളിൽ ഒരു അനുഭൂതി ലഭിക്കുന്നുണ്ടെങ്കിൽ മനസ്സിലാക്കിക്കൊള്ളുക ഓരോ ദിനവും നിങ്ങൾക്ക് റമദാൻ ആയിത്തീരാവുന്നതാണ്. റമദാന്റെ അവസാന പത്തിലാണ് നിങ്ങൾക്ക് ആ അനുഭൂതി ലഭിക്കുന്നതെങ്കിൽ മനസ്സിലാക്കിക്കൊള്ളുക നിങ്ങളുടെ ഓരോ ദിനവും റമദാന്റെ അവസാന പത്തായി തീരുന്നതാണ്. ഈ ദിനങ്ങൾ സാമ്പിൾ ആണ്. അതിൽ നിന്നും അനുഭൂതിയുൾകൊണ്ട് ബാക്കി എല്ലാ ദിനങ്ങളിലും അതേ ആനന്ദം അനുഭവിക്കാനാണത്; മിഠായി വില്പനക്കാരൻ സാമ്പിളെന്നോണം ചില മിഠായികൾ വിതരണം ചെയ്യുന്നതു പോലെ. ആ കച്ചവടക്കാരൻ അങ്ങനെ ചെയ്യുന്നതു കൊണ്ട് അതു മാത്രമാണ് വളരെയധികം മധുരമുള്ളത് എന്നർഥമില്ല. മറിച്ച്, തന്റെ പക്കലുള്ള എല്ലാ മിഠായികളും വളരെയധികം മധുരമുള്ളതാണ് എന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. ഇതുപോലെ അല്ലാഹു ഇത്തരം ദിനങ്ങൾക്ക് പ്രത്യേകത നല്കിക്കൊണ്ട് ഉദ്ദേശിക്കുന്നത് ദുആ സ്വീകരിക്കപ്പെടുന്നതും മനുഷ്യന് പ്രാർഥനകളിൽ ആനന്ദതുന്ദിലമായ ഒരവസ്ഥ യുണ്ടാകുന്നതുമായ ദിനങ്ങൾ തന്റെ പക്കലുണ്ടെന്നാണ്. ആയതിനാൽ, ഈ ദിനങ്ങളിൽ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാൻ ആഗ്രഹിക്കുന്നവർ ഈ ദിനങ്ങളിലെന്നല്ല, എല്ലാ ദിനങ്ങളിലും അനുഗ്രഹവും അനുഭൂതിയും സ്വായത്തമാക്കുന്നതാണ്. ഇത് നിങ്ങൾക്ക് നല്കപ്പെട്ട സാമ്പിൾ മാത്രമാണ്. ഇനിയങ്ങോട്ട് പരിശ്രമത്തിലൂടെ ഇത്തരം ദശകങ്ങൾ നിങ്ങൾക്ക് ആർജ്ജിക്കാവുന്നതാണ്. അതു കൊണ്ട് ദുആ ചെയ്യുക, ഒരുപാട് ദുആ ചെയ്യുക. ചന്ദ നല്കണമെന്ന് ഞാൻ നിങ്ങളോട് പറയുന്നുണ്ടെങ്കിലും ദുആയിലൂടെ എന്റെ സുഹൃത്തുക്കൾ സഹായിക്കുകയാണെങ്കിൽ പിന്നെ ചന്ദയുടെ തന്നെ ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നത്. എന്തെന്നാൽ, ചന്ദയുടെ ആവശ്യമില്ലാതെ തന്നെ കാര്യങ്ങൾ സ്വയം നടപ്പാക്കാൻ കഴിവുള്ളവനാണ് ദൈവം. യഥാർഥ വസ്തു ലഭിക്കുന്നതു വരെ മറ്റു ചെറിയ ചെറിയ വസ്തുക്കൾ കൊണ്ട് നാം കാര്യം സാധിക്കാറില്ലേ? ചന്ദയും അതു പോലെയാണ്. പുരോഗതിയിലേക്കുള്ള ഏറ്റവും വലിയ മാർഗം പ്രാർഥനകളാണ്. **- ആരിഫ്**

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

**അസ്ഹാബീ കന്നുജൂമി ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും**

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് അബ്ബാൻ (റ) ഇബ്നു സഈദുൽ അമവി ഖുറൈശി

**വംശാവലി:** പിതാവ് സഈദിബ്നുൽ ആസുൽ അമവി. ബദ്ർ യുദ്ധത്തിൽ ഹദ്റത് അലി(റ) ന്റെ കയ്യാൽ വധിക്കപ്പെട്ട ആസാണ് പിതാമഹൻ. രണ്ട് സഹോദരന്മാരായ ഖാലിദും അംറും ആരംഭത്തിൽ തന്നെ ഇസ്ലാം സ്വീകരിക്കുകയും ഹബ്ശയിലേക്ക് ഹിജ്റത് ചെയ്യുകയും ചെയ്തിരുന്നു. മറ്റ് രണ്ട് സഹോദരന്മാരായ ആസും ഉബാദയും ബദ്ർയുദ്ധത്തിൽ കൊല്ലപ്പെടുകയുണ്ടായി.

**ഇസ്ലാമിനെ എതിർക്കുന്നു**

ആരംഭത്തിൽ അബ്ബാനും ഇസ്ലാമിനെ ശക്തമായി എതിർത്തിരുന്നു. സഹോദരന്മാർ ഇസ്ലാം സ്വീകരിച്ചപ്പോൾ അതിനെതിരിൽ കവിത രചിച്ചിരുന്നു.

**നബി (സ)യെ പറ്റി അന്വേഷിക്കുന്നു**

ഹുദയ്ബിയ ഖൈബർ സംഭവങ്ങൾക്കിടയിലുള്ള സമയത്താണ് മുസ്ലിമാകുന്നത്. അദ്ദേഹം കച്ചവടത്തിനായി ശാമിൽ പോയിരിക്കുകയായിരുന്നു. അവിടെ വെച്ച് ഒരു പുരോഹിതനോട് നബി(സ)യെ സംബന്ധിച്ച് അഭിപ്രായം തേടിക്കൊണ്ട് പറഞ്ഞു, ഖുറൈശിയായ ഞങ്ങളിൽ നിന്നുള്ള ഒരാൾ മൂസയെയും ഈസയെയും പോലുള്ള ഒരു പ്രവാചകനാണെന്ന് വാദിച്ചിരിക്കുന്നു. പേര് ചോദിച്ചപ്പോൾ മുഹമ്മദ് എന്ന് പറഞ്ഞു. പുരോഹിതൻ നബി(സ)യുടെ എല്ലാ സവിശേഷതകളും പ്രായവും വംശവും എല്ലാം പറഞ്ഞപ്പോൾ അബ്ബാൻ(റ) അത് ശരിയാണെന്ന് പ്രതിവചിച്ചു. അപ്പോൾ പുരോഹിതൻ പറഞ്ഞു, ഈ വ്യക്തി ആദ്യം അറേബ്യയെയും പിന്നീട് മുഴുവൻ ലോകത്തെയും ജയിച്ചടക്കുന്നതാണ്. എന്നിട്ട് പറഞ്ഞു, ആ നല്ല മനുഷ്യന് എന്റെ സലാം എത്തിക്കുക.

**ഇസ്ലാം ആശ്ലേഷണം**

ഇത് ഏകദേശം ഹുദയ്ബിയ സംഭവത്തിന് അടുത്താണ്. പിന്നീട് നബി (സ) ഹുദയ്ബിയായിൽ വരുകയും തിരിച്ച് മദീനയിൽ എത്തുകയും ചെയ്തപ്പോൾ അബ്ബാൻ (റ) അവിടെ എത്തുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു.

**പടത്തലവൻ**

ഖയ്ബർ വിജയശേഷം നബി (സ) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നജദിലേക്ക് ഒരു ഉദ്യമത്തിനായി ഒരു സംഘത്തെ അയച്ചു. അവർ തിരിച്ചെത്തിയപ്പോൾ അബൂഹുറയ്റ (റ) അവർക്ക് യുദ്ധമുതൽ നൽകരുതെന്ന് നബി(സ)യോട് പറഞ്ഞു. അത് കേട്ടപ്പോൾ അബ്ബാൻ(റ) ദേഷ്യപ്പെട്ടു. നബി (സ) അദ്ദേഹത്തെ വിലക്കി.

**ഹദ്റത് ഉസ്മാൻ(റ)ന് അഭയം നൽകുന്നു**

ഹുദയ്ബിയ സംഭവ വേളയിൽ നബി (സ) മക്കക്കാരെ അനുരഞ്ജനത്തിനായി പ്രേരിപ്പിക്കുന്നതിനായി ഹദ്റത് ഉസ്മാൻ(റ) നെ മക്കയിലേക്ക് ദൂതനായി അയക്കുകയുണ്ടായി. അന്നേരം ഹദ്റത് അബ്ബാൻ(റ) ഹദ്റത് ഉസ്മാൻ(റ) ന് അഭയം നൽകുകയും എല്ലാ വിധ ആദരവും ബഹുമതികളും നൽകി മക്കയിലേക്ക് ആനയിക്കുകയും ചെയ്തു. മക്കയിൽ എവിടെയും സഞ്ചരിക്കുന്നതിനായി അദ്ദേഹത്തിന് അനുമതി നൽകുകയും ചെയ്തു. ഹദ്റത് അബ്ബാൻ(റ) ന്റെ അഭയത്തിൽ നിന്നു കൊണ്ട് ഹദ്റത് ഉസ്മാൻ(റ) നബി(സ)യുടെ സന്ദേശം മക്കക്കാർക്ക് എത്തിച്ചു. അബൂസുഫ്യാനെയും മറ്റ് ഖുറയ്ശി നേതാക്കളെയും കണ്ടു. അവർ ഉസ്മാൻ(റ)ന് കഅബ പ്രദക്ഷിണത്തിനുള്ള അനുമതി നൽകിയെങ്കിലും ഹദ്റത് ഉസ്മാൻ(റ) നബി(സ)യെകൂടാതെ പ്രദക്ഷിണം ചെയ്യില്ല എന്ന് പറയുകയുണ്ടായി.

**ഭരണാധികാരി**

ബഹ്റൈൻ വിജയത്തിന് ശേഷം നബി (സ) അദ്ദേഹത്തെ അവിടത്തെ ഭരണാധികാരിയായി നിയമിക്കുകയുണ്ടായി. നബി (സ)യുടെ വഫാത്ത് വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. പിന്നീട് അദ്ദേഹം മദീനയിലേക്ക് മടങ്ങി വന്നു.

**യമന്റെ മേൽനോട്ടക്കാരൻ**

വീണ്ടും അദ്ദേഹത്തെ അവിടേക്ക് നിയോഗിക്കുന്നതിനായി ഹദ്റത് ഉമർ (റ) പരിശ്രമിച്ചപ്പോൾ നബി(സ)യ്ക്ക് ശേഷം തന്നെ അതിനായി നിർബന്ധിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് ഖലീഫയുടെ ആഗ്രഹത്തെ മാനിച്ച് കൊണ്ട് യമനിന്റെ ഒരു ഭാഗത്ത് മേൽനോട്ടക്കാരനായി പദവി ഏറ്റെടുത്തു. ഹദ്റത് ഉമർ (റ) ന്റെ കാലഘട്ടം വരെ അത് തുടർന്നു.

**നീതിമാനായ അധികാരി**

അദ്ദേഹം ബുദ്ധിമാനും നീതിമാനും ആയ ഭരണാധികാരിയായിരുന്നു. യമനിലെ മേലധികാരിയായിരുന്ന സമയത്ത് ഒരിക്കൽ ഒരാൾ തന്റെ ഒരു ബന്ധുവിന്റെ കൊലക്കേസുമായി വന്നു. ഖൈസ് എന്ന വ്യക്തിയായിരുന്നു അയാളെ കൊന്നത്. അബ്ബാൻ (റ) ഖൈസിനെ വിളിപ്പിച്ച് നീ ഒരു മുസ്ലിമിനെ കൊന്നിട്ടുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഒന്നാമതായി അയാൾ മുസ്ലിമല്ലായിരുന്നു. രണ്ടാമത് ഞാൻ മുസ്ലിമാകുന്നതിന് മുമ്പ് എന്റെ പിതാവിന്റെയും പിതൃസഹോദരന്റെയും കൊലയ്ക്ക് പകരമായിട്ടാണ് കൊന്നത്.

അപ്പോൾ ഹദ്റത് അബ്ബാൻ(റ) ഒരു പ്രഭാഷണം നടത്തുകയും അജ്ഞാന കാലത്തെ എല്ലാ കൊലയ്ക്കും നബി(സ) മാപ്പ് നൽകുകയും പൊറുത്ത് നൽകുകയും ചെയ്തിരിക്കുന്നു എന്ന് പറയുകയും ചെയ്തു.

**ഖുർആന് നൽകിയ സേവനം**

ഹദ്റത് ഉസ്മാൻ (റ) ന്റെ നിർദേശ പ്രകാരം ഹദ്റത് അബ്ബാൻ (റ) നെ ഒരു സുപ്രധാന ജോലി ഏൽപ്പിക്കുകയുണ്ടായി. അതായത് ഹദ്റത് സൈദ് (റ) ഇബ്നു സാബിതിനെ മുസ്ഹഫ് ഉസ്മാൻ (റ) അനുസരിച്ച് വിശുദ്ധഖുർആൻ എഴുതിപ്പിക്കുക. ഈ ഉത്തരവാദിത്വവും അദ്ദേഹം ഉത്തമമായ നിലയിൽ നിറവേറ്റി.

**വഫാത്ത്**

അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് ഭിന്നാഭിപ്രായമുണ്ട്. ഒരു രിവായത്തനുസരിച്ച് ഹിജ്രി 13 ൽ അജ്നാദൈൻ യുദ്ധത്തിലാണെന്നും മറ്റൊരു രിവായത്ത് അനുസരിച്ച് ഹിജ്രി 15 ൽ യർമൂക് യുദ്ധത്തിലാണെന്നും മൂന്നാമതൊരു രിവായത്ത് അനുസരിച്ച് ഹദ്റത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്താണെന്നും പറയപ്പെടുന്നു. വിശുദ്ധഖുർആന് സേവനം ചെയ്ത കാര്യത്തെ പറ്റി പരാമർശം ഉള്ള കാരണത്താൽ അവസാനരിവായത്താണ് കൂടുതൽ വിശ്വാസയോഗ്യമായിട്ടുള്ളത്.

**- ഇബ്നു അശ്റഫ്**



# ഇമാമുസമാന്റെ ഫത്‌വകൾ

## രോഗിയും, യാത്രക്കാരനും നോമ്പ് നോൽക്കരുത്.

ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, യാത്രയുടെയും, രോഗിയുടെയും അവസ്ഥയിൽ ഒരാൾ നോമ്പ് പിടിക്കുകയാണെങ്കിൽ അയാൾ വ്യക്തമായും അല്ലാഹുവിന്റെ ആജ്ഞയെ അനുസരിക്കാത്തവനാണ്. രോഗിയും, യാത്രക്കാരനും നോമ്പ് നോൽക്കരുത്. രോഗം മാറിയതിനു ശേഷവും, യാത്രയിൽ നിന്ന് തിരിച്ച് വന്നതിനു ശേഷം നോമ്പ് നോൽക്കേണ്ടതാണ്. അല്ലാഹുവിന്റെ ആജ്ഞകളെ പ്രാവർത്തികമാക്കേണ്ടതാണ്. കാരണം മോക്ഷം അല്ലാഹുവിന്റെ അനുഗ്രഹത്തിലാണ്. തന്റെ കർമ്മങ്ങളുടെ ശക്തി കാണിച്ചുകൊണ്ട് മോക്ഷം കരസ്ഥമാക്കാൻ സാധ്യമല്ല. രോഗം വലുതാണോ, ചെറുതാണോ, യാത്ര ചെറുതാണോ, ദൈർഘ്യമുള്ളതാണോ എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച് വിധി പൊതുവായിട്ടുള്ളതാണ്. അത് പ്രാവർത്തികമാക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പ് നോൽക്കുകയാണെങ്കിൽ അത് നിയമലംഘനമായികരുതുന്നതാണ്.

(ബദർ 17-10-1907,പേജ്-7)

### കണ്ണ് രോഗമുള്ളവരുടെ നോമ്പ്

**ഒരാൾ ചോദിച്ചു:** *നോമ്പ്കാരന്റെ കണ്ണിന് രോഗമുണ്ടായാൽ അതിൽ മരുന്ന് ഒഴിക്കാൻ പാടുണ്ടോ?*

മറുപടി: ഈ ചോദ്യം തന്നെ തെറ്റാണ്. രോഗിക്ക് നോമ്പ് നോൽക്കാൻ അനുവാദമില്ല. (ബദർ:7-2-1907,പേജ്-4)

**ചോദ്യം:** *നോമ്പുള്ളപ്പോൾ കണ്ണിൽ സുറുമ ഒഴിക്കാമോ?*

**ഉത്തരം:** അനിഷ്ടകരമാണ്. സുറുമ പകൽ ഉപയോഗിക്കുന്നതിന്റെ ആവശ്യമെന്താണ്. രാത്രിയിൽ ഉപയോഗിക്കാമല്ലോ.

**ചോദ്യം:** *നോമ്പുള്ളപ്പോൾ അത്തർ ഉപയോഗിക്കാവോ?*

**ഉത്തരം:** അനുവദനീയമാണ്.

**ചോദ്യം:** *നോമ്പിന്റെ അവസ്ഥയിൽ കണ്ണാടി നോക്കാമോ?*

**ഉത്തരം:** അനുവദനീയമാണ്.

**ചോദ്യം:** *നോമ്പുള്ളപ്പോൾ തലയിലും താടിയിലും എണ്ണ തേക്കാമോ?*

**ഉത്തരം:** തേക്കാൻ അനുവാദമുണ്ട്.

### ഉഷ്ണകാലത്ത് തൊഴിലാളികളുടെ നോമ്പ്

ചൂട്കാലത്ത് റമളാൻമാസം വരുമ്പോൾ കർഷകർക്ക് വിത്ത്‌വിതക്കൽപോലുള്ള ധാരാളം ജോലികൾ ഉണ്ടാകുന്നു. അങ്ങനെ ഉപജീവനം നടത്തുന്ന ഇത്തരം തൊഴിലാളികൾക്ക് നോമ്പ് നോൽക്കാൻ കഴിയാറില്ല. ഇവരെ സംബന്ധിച്ച് എന്താണ് തീരുമാനം.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്. അതായത്, കർമ്മങ്ങൾ അഖിലവും ഉദ്ദേശ്യത്തിലധിഷ്ഠിതമാണ്. ഇവർ തങ്ങളുടെ അവസ്ഥ ഗോപ്യമാക്കിവെക്കുകയാണ്. ഓരോ വ്യക്തിയും തഖ്‌വയുടെയും, പരിശുദ്ധിയുടെയും അടിസ്ഥാനത്തിൽ തങ്ങളുടെ അവസ്ഥയെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ആർക്കെങ്കിലും തന്റെ സ്ഥാനത്ത് വേലക്കാരെ വെക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യട്ടെ. അല്ലെങ്കിൽ രോഗിയുടെ പരിധിയിൽ വരുന്നതാണ്. പിന്നെ എളുപ്പം വന്നുകിട്ടിയാൽ നോമ്പ് എടുക്കുക. വഅലല്ലദീന യുത്തീഖൂനഹു. എന്നതിന്റെ അർത്ഥം, കഴിവില്ലാത്തവർ എന്നാണ്.

(ബദർ:26-9-1907, പേജ്-7)

### തറാവീഹിന്റെ റക്ക്അത്തുകൾ

തറാവീഹ് തഹജ്ജുദിന്റെ സ്ഥാനത്താണെങ്കിൽ 20 റക്ക്അത്തുകൾ നമസ്കരിക്കുന്നതിനെ കുറിച്ച് എന്താണ് അഭിപ്രായം? കാരണം, വിത്ത്റ് ഉൾപ്പെടെ 11 റക്ക്അത്തോ,13 റക്ക്അത്തോ ആണ്?

ഉത്തരം: നബി (സ) യുടെ സ്ഥായിയായ സുന്നത്ത് 8 റക്ക്അത്തുകൾ തന്നെയാണ്. നബി(സ) ഇത് തഹജ്ജുദിന്റെ സമയത്താണ് അനുഷ്ഠിച്ചിരുന്നത്. ഇത് തന്നെയാണ് ശ്രേഷ്ഠകരം. എന്നാൽ രാത്രിയുടെ ആദ്യഭാഗത്തും നമസ്കരിക്കാവുന്നതാണ്. നബി(സ) രാത്രിയുടെ ആദ്യഭാഗത്ത് നമസ്കരിച്ചതായിട്ട് ഒരു രിവായത്തുണ്ട്. 20 റക്ക്അത്തുകൾ പിന്നീടാണ് നമസ്കരിച്ചിട്ടുള്ളത്. എന്നാൽ നബി(സ)യുടെ സുന്നത്ത് ആദ്യം വിവരിച്ചതുതന്നെയാണ്.

(മൽഫൂസാത്ത്:വാല്യം-2,പേജ്-113.)

### ഇഅ്ത്തിക്കാഫ്

**ചോദ്യം:** *ഇഅ്ത്തിക്കാഫിലിരിക്കുന്ന ഒരാൾക്ക് ഭൗതികമായ വ്യവഹാരങ്ങളെ കുറിച്ച് സംസാരിക്കാമോ?*

**ഉത്തരം:** വളരെ അത്യാവശ്യമാണെങ്കിൽ സംസാരിക്കാവുന്നതാണ്. രോഗിയെ സന്ദർശിക്കാനും, പ്രാഥമിക കാര്യങ്ങൾക്ക് വേണ്ടിയും പുറത്ത് പോകാവുന്നതാണ്.

(മൽഫൂസാത്ത്:വാല്യം-9,പേജ്-279.)

വിവ:മുഹമ്മദ് നജീബ് ഖാൻ,വാഴക്കാല.

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

പുണ്യാത്മാക്കൾ

# ഹദ്റത് മീർസാ ദീൻ മുഹമ്മദ് സാഹിബ് (റ)

**ജനനം**

1860 ൽ ഗുർദാസ്പൂർ ജില്ലയിലെ ബട്ടാല താലൂകിലുള്ള ലങ്കർവാൾ എന്ന ഗ്രാമത്തിലാണ് ജനിച്ചത്.

**കുടുംബം**

പിതാവിന്റെ പേര് മിർസാ നത്തൂ ബേഗ് സാഹിബ് എന്നായിരുന്നു. അദ്ദേഹത്തിന് ഒരു സഹോദരിയും നാല് സഹോദരന്മാരുമായിരുന്നു ഉണ്ടായിരുന്നത്. ഖാദിയാനിലെ അസ്മത്ത് ബീബി സാഹിബയായിരുന്നു അദ്ദേഹത്തിന്റെ പത്നി.

**തൊഴിൽ**

മിർസാ ദീൻ മുഹമ്മദ് സാഹിബ് കൃഷിക്കാരനായിരുന്നു. ലങ്കർവാൾ ഗ്രാമത്തിൽ ധാരാളം ഭൂമിയുണ്ടായിരുന്നു.

**ബയ്അത്ത്**

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കാലത്തു തന്നെ അദ്ദേഹം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചിരുന്നു.

**ഗ്രാമത്തിന്റെ പേര് മാറുന്നു**

ആ ഗ്രാമത്തിന്റെ പേര് ആദ്യം മറ്റെന്തോ ആയിരുന്നു. എന്നാൽ മിർസാ ദീൻ മുഹമ്മദ് സാഹിബിന്റെ ആതിഥ്യമര്യാദ മൂലമാണ് ആഗ്രാമത്തിന് ലങ്കർവാൾ എന്ന പേര് വീണത്.

**അതിഥിസൽക്കാര പ്രിയൻ**

അദ്ദേഹത്തിന്റെ അതിഥി സേവനം വളരെ പ്രശസ്തമായിരുന്നു. പകലും രാത്രിയും അദ്ദേഹത്തിന്റെ തീൻമേശ അതിഥികളാൽ നിറഞ്ഞിരിക്കുമായിരുന്നു. അതിഥികളില്ലാതെ ഒരിക്കലും അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നില്ല.

**ഒരു സംഭവം**

ഒരിക്കൽ അടുത്തുള്ള ഗ്രാമത്തിൽ ഒരു സിക്ക് വീട്ടിൽ വിവാഹ സംഘം എത്തി. അവർ നെയ്ച്ചോറും മധുരച്ചോറും വേണമെന്ന് ആവശ്യപ്പെട്ടു. ഗ്രാമീണർ ദരിദ്രരായിരുന്നു. അവർ പറഞ്ഞു, ലങ്കർവാളിലെ മിർസാ ദീൻ മുഹമ്മദ് സാഹിബിന് മാത്രമെ ഇപ്പോൾ നിങ്ങൾക്ക് ഈ ഭക്ഷണം നൽകാൻ സാധിക്കുകയുള്ളു.

അങ്ങനെ അദ്ദേഹം ഈ സംഭവം അറിയാനിടയായി. ഉടനെ അദ്ദേഹം പറഞ്ഞു, സാരമില്ല. എല്ലാം ശരിയാകും. അവരുടെ ആഗ്രഹം പൂർത്തിയാകുന്നതാണ്. ഉടൻ അദ്ദേഹം ദുആ ചെയ്തുകൊണ്ട് വീട്ടിലെത്തി. തന്റെ ഭാര്യയോട് അദ്ദേഹം പറഞ്ഞു, ഒരു വിവാഹസംഘം എത്തിയിട്ടുണ്ട്. അവർ ഇന്ന് രാത്രി നമ്മുടെ അതിഥികളായിരിക്കും. ഭാര്യ പറഞ്ഞു, പക്ഷെ വീട്ടിൽ അരിയില്ലല്ലോ. മിർസാ സാഹിബ് പറഞ്ഞു, ഉള്ളിലെ മുറിയിലുള്ള കലത്തിൽ ഉണ്ടാകും. എല്ലാ കുടങ്ങളും നേരത്തേ തന്നെ കാലിയായിരുന്നു. എന്നാൽ വീണ്ടും ആ കുടത്തിൽ നോക്കിയപ്പോൾ അതിൽ അരിയുണ്ടായിരുന്നു. അങ്ങനെ നെയ്ചോറും മധുരച്ചോറുമെല്ലാം തയ്യാറാക്കി. വിവാഹസംഘം വളരെ സന്തോഷത്തോടെ അത് ഭക്ഷിക്കുകയും ചെയ്തു.

**മസീഹ് മൗഊദ് (അ) ന്റെ ദുആ**

ലങ്കർവാളിൽ ഈ കുടുംബത്തിന്റെതായിരുന്ന ഒരു കൃഷിത്തോട്ടത്തിന്റെ കേസ് നടക്കുന്നുണ്ടായിരുന്നു. തൽസംബന്ധമായി ഹദ്റത് മസീഹ് മൗഊദിന് അറിവ് ലഭിച്ചപ്പോൾ ആ മഹാത്മാവ് ദുആ ചെയ്യുകയുണ്ടായി. അവസാനം വിധി വന്നപ്പോൾ പ്രസ്തുത തോട്ടം മിർസാ ദീൻ മുഹമ്മദി സാഹിബിന് തിരിച്ച് ലഭിക്കുകയും ചെയ്തു.

**വ്യക്തിത്വം**

അദ്ദേഹം ഒത്ത ഉയരമുള്ള വ്യക്തിയായിരുന്നു. എപ്പോഴും വെളുത്ത തലപ്പാവ് ധരിച്ചിരുന്നു. താടി വെച്ചിരുന്നു. ദരിദ്രരെ എപ്പോഴും സഹായിച്ചിരുന്നു. വളരെ സൽപ്രകൃതക്കാരനും ആരാധനയിൽ മുഴുകുന്ന വ്യക്തിത്വവുമായിരുന്നു. ഫലവൃക്ഷങ്ങൾ നട്ടു വളർത്തുന്നതിൽ വളരെ തൽപരനായിരുന്നു. അവസരം ലഭിക്കുമ്പോഴെല്ലാം തന്നെ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ സന്നിഹിതനാകുമായിരുന്നു. സേവനത്തിന്റെ ഒരു അവസരവും നഷ്ടപ്പെടുത്തില്ലായിരുന്നു.

**മസീഹ് മൗഊദ് (അ) ന്റെ കാരുണ്യം**

അദ്ദേഹം പറയുന്നു, മസീഹ് മൗഊദ് (അ) തങ്ങിയിരുന്ന മുറി വളരെ ചെറുതായിരുന്നു. അതിൽ ഒരു കട്ടിലും പലക കൊണ്ടുള്ള ഒരു കട്ടിലുമാണുണ്ടായിരുന്നത്. കട്ടിൽ എനിക്ക് നൽകുകയും പലകക്കട്ടിലിൽ മസീഹ് മൗഊദ് അ(അ) സ്വയം ഉറങ്ങുകയും ചെയ്യുമായിരുന്നു. സുബ്ഹി ബാങ്കിന്റെ സമയത്ത് അദ്ദഹേം അല്പം വെള്ളം കുടഞ്ഞു കൊണ്ട് എന്നെ എഴുന്നേൽപ്പിക്കുമായിരുന്നു.

**മറ്റൊരു സംഭവം**

മിർസാ ദീൻ മുഹമ്മദ് സാഹിബ് (റ) പറയുന്നു, ബട്ടാലയിൽ ഹദ്റത് മസീഹ് മൗഊദ്(അ) ന് ഒരു ചെറിയ ഭവനം ഉണ്ടായിരുന്നു. ഞാനവിടെ പോകുമായിരുന്നു. രാവിലത്തെ ഭക്ഷണം അദ്ദേഹം വീട്ടിൽ നിന്ന് ഭക്ഷിക്കുകയും ബട്ടാലയിൽ വൈകുന്നേരത്തേക്കായി എനിക്ക് രണ്ട് പൈസയും തരുമായിരുന്നു. ഞാനതിന് രണ്ട് റൊട്ടിയും പരിപ്പ് കറിയും വാങ്ങി വരുമായിരുന്നു. മസീഹ് മൗഊദ്(അ) അതിൽ നിന്ന് അല്പം മാത്രം കഴിക്കുകയും ബാക്കി ഭക്ഷണം ആ ഭവനത്തിൽ താമസിച്ചിരുന്ന മറ്റൊരു സാധുവിന് നൽകുകയും ചെയ്യുമായിരുന്നു. പിന്നീട് കുതിരയെ കൊണ്ടുവരുന്ന വേലക്കാരന് രണ്ട് അണ നൽകുമായിരുന്നു. എനിക്ക് നാല് അണ നൽകിക്കൊണ്ട് അങ്ങാടിയിൽ പോയി ഇഷ്ടമുള്ള ഭക്ഷണം കഴിച്ചു കൊള്ളാൻ പറയുമായിരുന്നു. അടുത്ത ദിവസം അദ്ദേഹം തഹ്സീൽ ഓഫിസിലേക്ക് പോകുകയും ഞാൻ പുറത്തിരിക്കുകയും ചെയ്യും. ഉച്ചയ്ക്ക് ഇടവേളയിൽ അദ്ദേഹം പുറത്ത് വരികയും കുറച്ച് പൈസ നൽകിക്കൊണ്ട് വിശക്കുന്നെങ്കിൽ എന്തെങ്കിലും കഴിച്ചുകൊള്ളുക എന്ന് പറയുകയും ചെയ്യുമായിരുന്നു.

**വഫാത്ത്**

മിർസാ ദീൻ മുഹമ്മദ് സാഹിബ് (റ) 1944 ലാണ് വഫാത്തായത്. അദ്ദേഹത്തിന്റെ കൃഷിത്തോട്ടത്തിൽ തന്നെയാണ് അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്നത്.

(അൽ ഫദ്ൽ പത്രം റബ്‌വ, 28.6.2010)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# നോമ്പിന്റെ നേട്ടങ്ങൾ

- തഖ്‌വ പോലുള്ള മഹത്തായ അനുഗ്രഹം കരഗതമാകുന്നു.
- അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.
- ആത്മീയ രോഗങ്ങൾ അകലുന്നു.
- സഹിക്കാനും ക്ഷമിക്കാനും ശീലിക്കുന്നു.
- പരിശുദ്ധിയും പവിത്രതയും സ്വായത്തമാകുന്നു.
- അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നു.
- നിശാ നമസ്കാരത്തിനുള്ള ഭാഗ്യം സിദ്ധിക്കുന്നു.
- ഐച്ഛിക കർമ്മങ്ങൾക്കുള്ള അവസരം ലഭിക്കുന്നു.
- ഖുർആനിക ജ്ഞാനങ്ങൾ അധികമായി വെളി പ്പെടുന്നു.
- അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ മലക്കുകളുമായി സാദൃശ്യം പുലർത്തുന്നു.
- മനുഷ്യബുദ്ധിക്ക് ദോഷപ്രവണമായ ആത്മാവിനുമേൽ പൂർണ്ണ വിജയം ലഭിക്കുന്നു.
- ഇച്ഛാ ശക്തി വർദ്ധിക്കുന്നു.
- തഹജ്ജുദും മറ്റു ഐച്ഛിക കർമ്മങ്ങളും നിലനിർത്താൻ സഹായിക്കുന്നു.
- സുബഹിക്കു മുൻപ് എഴുന്നേൽക്കുന്നതു മൂലം ഒരു ഉന്മേഷം മനുഷ്യന് അനുഭവപ്പെടുന്നു.
- കൃത്യമായി ഭക്ഷണം കഴിക്കുന്നതു കൊണ്ട് അതു ആരോഗ്യത്തേയും സ്വാധീനിക്കുന്നു.
- ദരിദ്രരുടെ വിഷമങ്ങളറിയാനും അവരോട് അനുകമ്പ കാണിക്കാനും തുടങ്ങുന്നു.
- പാഴ്‌വേലകളെ ഉപേക്ഷിക്കാൻ സാധിക്കുന്നു.
- ദുആ സ്വീകാര്യതയിലൂടെ ഈമാൻ വർദ്ധിക്കുന്നു.

●

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## അല്ലാഹുവിന്റെ വലിമാരെ തിരിച്ചറിയുക

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

ബഖിദ്മത് അഖ്‌വീം മുകർറം
മൗലവി മുഹമ്മദ് ബശീർ സാഹിബ്

السلام عليكم ورحمة الله وبركاته

ഓരോ വാക്കുകളും ആത്മാർഥതയാലും ഭയഭക്തിയാലും നിറഞ്ഞ കത്ത് ലുധിയാനയിൽ വെച്ച് എനിക്ക് ലഭിച്ചിരുന്നു. എന്നാൽ യാദൃശ്ചികമായി എനിക്ക് അലീഗഢ് ജില്ലയിൽ പോകേണ്ടി വന്നു. പിന്നീട് മടങ്ങി 1989 ഏപ്രിൽ 19 നാണ് ഖാദിയാനിൽ എത്തിയത്. അതിനാൽ കത്തെഴുതാൻ സാധിച്ചില്ല. താങ്കൾ എഴുതിയതെല്ലാം തികച്ചും വാസ്തവമാണ്. അതിൽ നിന്ന് ആത്മാർഥതയും സത്യാനേഷണത്വരയും മനസിലാക്കാൻ സാധിക്കുന്നുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ വലിമാരുടെ അഞ്ച് അടയാളങ്ങൾ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത അഞ്ച് ലക്ഷണങ്ങളും പൂർത്തിയാകാത്തത് വരെ ആരെയും അല്ലാഹുവിന്റെ വലിമാർ എന്ന് പറയാൻ സാധിക്കില്ല. മാത്രവുമല്ല ഒരാൾ വലിയാണെന്ന് തിരിച്ചറിയുന്നതിന് മുമ്പായി അയാളിൽ ബയ്അത്ത് ചെയ്യുന്നതും അനുവദനീയമല്ല. എന്നാൽ അല്ലാഹുവിന്റെ വലിമാരെ തിരിച്ചറിയുക എന്നത് എല്ലാ കണ്ണുകൾക്കും സാധ്യമല്ല. അധികവും **യൻളുറൂന ഇലയ്ക വഹും ലായൻളുറൂൻ** എന്ന അവസ്ഥയിലായിരിക്കും. അല്ലാഹുവിന്റെ വലിമാരിൽ ദൃഷ്ടന്തങ്ങളും അടയാളങ്ങളും ഉണ്ടായിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ അല്ലാഹു ഇഛിക്കാത്തതുവരെ അത് നേർമാർഗത്തിന് ഹേതുവാകുന്നതല്ല. വലിമാരുടെ ദൃഷ്യാന്തങ്ങളെയും അടയാളങ്ങളെയും സംബന്ധിച്ച് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് രണ്ട് മാർഗങ്ങളിലൊന്ന് സ്വീകരിക്കേണ്ടത് അനിവാര്യമാകുന്നു.

1. ഒന്നുകിൽ ഏറ്റവും അടുത്ത സുഹൃത്തായി മാറുക.
2. അല്ലെങ്കിൽ ഏറ്റവും കടുത്ത ശത്രുവായി മാറുക.

കാരണം സൗഹൃദമോ ശത്രുതയോ പാരമ്യതയിൽ എത്താത്തതു വരെ പ്രസ്തുത സമുദായത്തിന്റെ സവിശേഷതകൾ തിരിച്ചറിയാൻ കഴിയില്ല. സത്യാനേഷകനായ താങ്കൾ സൗഹൃദത്തിൽ അഭിവൃദ്ധി പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു താങ്കളോടൊപ്പം ഉണ്ടായിരിക്കട്ടെ. സ്വയം അവൻ താങ്കൾക്ക് ശക്തിയും ഉൾക്കാഴ്ചയും നൽകട്ടെ. ആമീൻ സുമ്മ ആമീൻ.

വസ്സലാം
അലാ മനിത്തബഇൽ ഹുദാ

വിനീതൻ
1989 ഏപ്രിൽ 24 ഗുലാം അഹ്മദ് അഫീഅൻഹു




# വിജയിയാകുന്നതിനുള്ള മാർഗങ്ങൾ



ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

**ഖുർആൻ മഹത്തായ ഗ്രന്ഥം**

മനുഷ്യന് കുട്ടിക്കാലം മുതൽ വാർദ്ധക്യം വരെയും പിന്നീട് മരണം വരെയും സന്ദർഭോചിതമായി വരുന്ന എല്ലാ ആവശ്യങ്ങളെയും പൂർത്തിയാക്കുന്ന ആ ഗ്രന്ഥം എത്ര മഹത്തരം. നോക്കുക, ഇന്ന് കുട്ടികളായ നിങ്ങളുടെ മുന്നിൽ അല്പം ചില കാര്യങ്ങൾ വിവരിക്കണമായിരുന്നു. അനുധാവനം ചെയ്യുന്നതിനായി മാതൃകയും കാണിക്കണമായിരുന്നു. അപ്പോൾ എപ്രകാരമാണ് അനുയോജ്യമായ സമയത്ത് ആ കുട്ടിയുടെ സംഭവങ്ങൾ എന്റെ മനസിലേക്ക് ഇട്ടതെന്ന് നോക്കുക. അതിൽ മാത്രം സംതൃപ്തരാകരുത്. ഇനിയും കേൾക്കുക.

**അനുസരണത്തിന്റെ മാതൃക**

ഹദ്റത് ഇബ്റാഹിം (അ) അല്ലാഹുവിന്റെ മഹാനായ പ്രിയനായ ഒരു പ്രവാചകനായിരുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ? തന്റെ മകനെ അറുക്കുന്നതായി അദ്ദേഹത്തിന് സ്വപ്നത്തിൽ കാണിച്ചു കൊടുത്തു. അന്നേരം ആ കുട്ടിയുടെ പ്രായം 13 വയസായിരുന്നു എന്നാണ് മനസിലാകുന്നത്. ഹദ്റത് ഇബ്റാഹിം (അ) തന്റെ മകനോട് പറഞ്ഞു, മകനെ, നിന്നെ അറുക്കുന്നതായി കണ്ടു. മകന്റെ അനുസരണ നോക്കുക. യാതൊരു ഒഴിവും പറയാതെ *യാ അബത്തിഫ്അൽ മാതുഅ്മറു സതജിദുനീ ഇൻശാഅല്ലാഹു മിനസ്വാബിരീൻ*(സ്വാഫാത്: 103) എന്ന് പറഞ്ഞു. അല്ലയോ പിതാവെ, താങ്കൾക്ക് ലഭിച്ചിരിക്കുന്ന കല്പനയെ പ്രാവർത്തികമാക്കിക്കൊള്ളുക. എന്നെ താങ്കൾ സഹനം കൈക്കൊള്ളുന്നവനായി താങ്കൾ കാണുന്നതാണ്. ഇൻശാഅല്ലാഹ്. ഈ വാഗ്ദാനത്തിൽ ഞാൻ ഉറച്ചു നിൽക്കുന്നതാണ്.

**ത്യാഗത്തിന്റെ പ്രതിഫലം**

ഇനി നോക്കുക, ദൈവകല്പനയ്ക്ക് വിധേയനാക്കി സ്വയം അറുക്കപ്പെടുന്നതിന് സജ്ജനാക്കിയ അനുസരണയുള്ള ആ കുട്ടിക്ക് അല്ലാഹു എന്തെല്ലാം പ്രതിഫലമാണ് നൽകിയത്. ദൈവതൃപ്തിക്കായി മരണത്തിന് മുമ്പേ മരണം വരിക്കാൻ തയ്യാറായ ആ കുട്ടിയെ അല്ലാഹു എങ്ങിനെയാണ് ജീവിപ്പിച്ചത്. അന്ത്യനാൾ വരെ ചക്രവർത്തിമാർ സ്വയം തങ്ങൾ അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ നിന്നാണെന്നതിൽ അഭിമാനിക്കുന്നതാണ്. അദ്ദേഹത്തിന്റെ സന്തതികളുടെ തലമുറയും സയ്യദ് അതായത് നേതാക്കന്മാർ എന്ന് വിളിക്കപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന്റെ നാമം *സ്വാദിഖുൽ വഅ്ദി* എന്ന് വെച്ചു. ഇത് നിസാര പ്രതിഫലമാണോ? ഒരിക്കലുമല്ല. ഇത് എല്ലാവർക്കും ലഭിക്കാത്ത വളരെ വലിയ കാര്യമാണ്. സർവലോക നേതാവും(സ) അദ്ദേഹത്തിന്റെ സന്തതി പരമ്പരയിൽ പെട്ടതാണ്. ഇത് നിസാരമാണോ? കാരണമെന്താണ്? അദ്ദേഹം അല്ലാഹുവിനെ പിണക്കാൻ ആഗ്രഹിച്ചില്ല. അവന്റെ തൃപ്തിക്കായി മരണത്തിന് മുമ്പേ മരണം വരിച്ചു. അല്ലാഹു കർമങ്ങളെയാണ് നോക്കുന്നത്. പ്രത്യക്ഷ ആഢംബരങ്ങളിലും മഹത്വത്തിലും മാത്രമല്ല അനുഗ്രഹം ലഭിക്കുന്നത്. ഏതാണോ വേണ്ടത് തെരഞ്ഞെടുത്തുകൊൾക.

**മുഹമ്മദ് നബി (സ)യുടെ വിജയം**

മറ്റൊരു അനാഥ ബാലന്റെ അവസ്ഥകൂടി കേട്ടുകൊൾക. ആ ബാലന്റെ നാമം മുഹമ്മദ്(സ) എന്നായിരുന്നു. അദ്ദേഹമാണ് നമ്മുടെ നേതാവും നമ്മുടെ പ്രിയതമനും ശുപാർശകനും. അദ്ദേഹം മാതാവിന്റെ വയറ്റിലായിരുന്ന സമയത്ത് പിതാവും രണ്ടര വയസ്സായപ്പോൾ മാതാവും ഈ ലോകത്ത് നിന്ന് വിട പറഞ്ഞു. ആരുടെ കയ്യിലായിരുന്നു പിന്നീട് പരിപാലിക്കപ്പെട്ടത്? കുട്ടിക്കാലത്തു തന്നെ മാതാപിതാക്കൾ മരണപ്പെടുന്ന കുട്ടികളുടെ അവസ്ഥ നിങ്ങൾ ചിന്തിച്ചു നോക്കുക. പിന്നീട് ആ അനാഥ ബാലന് ലഭിച്ച വിജയങ്ങൾ നോക്കുക. അതിന് മുമ്പ് ലോകത്ത് ആർക്കെങ്കിലും അത്തരം വിജയം ലഭിച്ചിട്ടുണ്ടോ? ഇല്ല ഒരിക്കലുമില്ല. അത്തരം വിജയം ഉണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല. അതിന് കാരണം അദ്ദേഹം സൃഷ്ടികളെ ഭയക്കാതെ അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചതായിരുന്നു. അവനുമായി സദഹൃത് ബന്ധം സ്ഥാപിച്ചു. ഇന്ന് ലോകത്ത് കോടിക്കണക്കിന് ആളുകൾ സദാസമയവും *അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ* എന്ന് ഉരുവിട്ട് കൊണ്ടിരിക്കുന്നത് അദ്ദേഹം ദൈവവുമായി സ്ഥാപിച്ച ആ സുഹൃത്ബന്ധത്തിന്റെ കാരണത്താലാണ്.

**മഹത്തായ വിജയി**

നിങ്ങൾക്ക് അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ ഒരു സംഭവം കേൾപ്പിക്കാം. അന്നാളുകളിൽ പരിശുദ്ധമക്കയിൽ ഒരു വലിയ സംഘടന ഉണ്ടായിരുന്നു. അതിൽ 40 വയസിന് താഴെ പ്രായമുള്ളവർക്ക് അംഗമാകാൻ പറ്റില്ലായിരുന്നു. ആ സംഘടന നദ്‌വ എന്നാണ് അറിയപ്പെട്ടിരുന്നത്. അവർ ചെറിയ കുട്ടികളെ നിസാരരായി ഗണിച്ചിരുന്നു. നബി(സ) പ്രായക്കുറവുള്ളവർ ഉണ്ടാക്കിയ സംഘടനയിൽ പങ്കാളിയായി. അവിടെ ഏതെങ്കിലും വഴിയാത്രക്കാരൻ എത്തിപ്പെടുകയും എന്തെങ്കിലും പ്രയാസത്തിൽ അകപ്പെട്ട് മടങ്ങാനുള്ള വഴിച്ചെലവ് ഇല്ലാതാകുകയും ചെയ്താൽ അവരെ സഹായിക്കുക, സാധുക്കളെയും അഗതികളെയും സഹായിക്കുക, മർദ്ദിതരെ സഹായിക്കുക തുടങ്ങിയവയായിരുന്നു അതിന്റെ മുഖ്യ ഉദ്ദേശ്യം. അങ്ങനെ സദുദ്ദേശ്യം കാരണത്താൽ അദ്ദേഹത്തിന് വലിയ വലിയ വിജയങ്ങൾ ലഭിച്ചു.

**സമാനസംഘടന**

അതുപോലെ ഇപ്പോൾ നിങ്ങളുടെ സംഘടനയും അതിന് സമാനമാണ്. നിങ്ങളും സദുദ്ദേശ്യത്തോടും, ദൈവഭയത്തോടും, സ്വരുമയോടും, ദുആയോടും കൂടി പ്രവർത്തിക്കുകയാണെങ്കിൽ വിജയികളാകുന്നതാണ്.

**സംഗ്രഹം**

ഞാൻ നിങ്ങളോട് എന്തൊക്കെയാണ് പറഞ്ഞതെന്ന് അറിയാമോ? ശരി, ഞാൻ സംഗ്രഹമായി വീണ്ടും പറയാം. ലാഇലാഹ ഇല്ലല്ലാഹ് എന്നതിൽ പൂർണമായും വിശ്വസിക്കുക. അതായത് അല്ലാഹുവല്ലാതെ മറ്റാരോടും യഥാർഥ അനുസരണം പുലർത്താതിരിക്കുക, അവനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്, അല്ലാഹുവല്ലാതെ മറ്റാരെയും തനിക്ക് ഗുണമോ ദോഷമോ എത്തിക്കുന്നവനാണെന്ന് വിശ്വസിക്കാതിരിക്കുക, അല്ലാഹുവല്ലാതെ മറ്റാരെയും ആവശ്യങ്ങൾ നിറവേറ്റുന്നവനെന്നോ ദുആകൾ കേൾക്കുന്നവനെന്നോ വിശ്വസിക്കാതിരിക്കുക. എന്തായാലും സുഖത്തിലും ദുഖത്തിലും അവനി →

നുറുങ്ങുകൾ
ടി.എം

# ഒരു മാന്യനായ കള്ളൻ

ഹദ്റത് മസീഹ് മൗഊദ് (അ)

ഒരു മാന്യനായ വ്യക്തി എങ്ങോട്ടോ പോകുകയായിരുന്നു. അദ്ദേഹത്തിന് ഒരു കാട്ടിലൂടെ കടന്ന് പോകേണ്ടി വന്നു. അവിടെ ഒരു കള്ളൻ വസിച്ചിരുന്നു. അതിലൂടെ കടന്ന് പോകുന്ന എല്ലാവരെയും കൊള്ളയടിക്കുമായിരുന്നു. തന്റെ സ്വഭാവമനുസരിച്ച് അയാൾ ആ വ്യക്തിയെയും കൊള്ളയടിക്കാൻ മുതിർന്നു. ആ വ്യക്തി അയാളോടു പറഞ്ഞു, നിനക്കുള്ള ജീവിതവിഭവങ്ങൾ ആകാശത്തുണ്ട്. നീ ദൈവത്തിൽ വിശ്വസിക്കുക. ഭയഭക്തി കൈക്കൊള്ളുക. കളവ് ഉപേക്ഷിക്കുക. അല്ലാഹു നിങ്ങളുടെ ആവശ്യങ്ങളെ പൂർത്തിയാക്കുന്നതാണ്. ആ വാക്കുകൾ കള്ളന്റെ മനസിനെ സ്വാധിനിച്ചു. അയാൾ ആ വ്യക്തിയെ വെറുതെ വിടുകയും അദ്ദേഹത്തിന്റെ വാക്കുകളിൽ വിശ്വസിക്കുകയും ചെയ്തു.

അങ്ങനെ അയാൾക്ക് സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങളിൽ പോലും ഉത്തമ ഭക്ഷണം ലഭിക്കാൻ തുടങ്ങി. ഭക്ഷണം കഴിച്ച ശേഷം അയാൾ ആ പാത്രങ്ങൾ കുടിലിന് പുറത്തേക്ക് എറിയുമായിരുന്നു. യാദൃശ്ചികമായി ആ മാന്യവ്യക്തി വീണ്ടും അതിലൂടെ വരികയുണ്ടായി. അപ്പോഴേക്കും ആ കള്ളൻ മാന്യനായ ഒരു മുത്തഖിയായി മാറിയിരുന്നു. അയാൾ പറഞ്ഞു, എനിക്ക് ഇനിയും വചനങ്ങൾ പറഞ്ഞ് തന്നാലും. അപ്പോൾ ആ വ്യക്തി പറഞ്ഞു, അവൻ ആകാശത്തിലും ഭൂമിയിലുമുണ്ട്. അവൻ സത്യമാകുന്നു. ഈ വചനങ്ങൾ അയാളിൽ പ്രഭാവം ചെലുത്തുകയും അല്ലാഹുവിന്റെ പ്രതാപം അയാളിൽ ആഴ്ന്നിറങ്ങുകയും ചെയ്തു. അയാൾ വിറച്ചുകൊണ്ട് എഴുന്നേൽക്കുകയും അതേ അവസ്ഥയിൽ ജീവൻ വെടിയുകയും ചെയ്തു. (അൽ ഫദ്ൽ പത്രം റബ്വ: 8.9.2003)

# നോമ്പിന്റെ ഗുണം വൈദ്യശാസ്ത്രത്തിൽ

ശേഖ് നൂർ അഹ്മദ് സാഹിബ് മുനീർ,
മുൻ മുബല്ലിഗ് അറേബ്യ

ഹദ്റത് റസൂൽ തിരുമേനി (സ) പറഞ്ഞു, **സൂമൂ തസഹൂ** നോമ്പെടുക്കുക, അതിലൂടെ നിങ്ങൾക്ക് ആരോഗ്യം ലഭിക്കും. നോമ്പ് ഒരു ആത്മീയജിഹാദാകുന്നു. അതിലൂടെ മനുഷ്യന്റെ ആത്മീയ ഉൾക്കാഴ്ച ശക്തിപ്പെടുന്നു. അതോടൊപ്പം തന്നെ പ്രത്യക്ഷമായ നിലയിലും മനുഷ്യനിൽ പ്രയാസങ്ങളെ തരണം ചെയ്യുന്നതിനുള്ള ശീലം ഉടലെടുക്കുന്നു.

ആധുനിക വൈദ്യശാസ്ത്രം നോമ്പിന്റെ ശാരീരിക ഗുണങ്ങളെ അംഗീകരിക്കുന്നുണ്ട്. പട്ടിണി കിടക്കുന്നതിലൂടെ പല അപകടകരങ്ങളായ വിഷങ്ങളും മനുഷ്യ ശരീരത്തിൽ നിന്നും പുറത്തേക്ക് പോകുന്നു. അനാവശ്യ ഈർപം ഉണങ്ങിപ്പോകുന്നു. അസാധാരണമായ തടി കുറയുന്നു. പ്രമേഹരോഗികൾക്ക് നോമ്പ് ഔഷധമാണ്. രക്തസമർദ്ധത്തിന്റെ ഉത്തമമായ ചികിൽസ നോമ്പാകുന്നു. അശുദ്ധ രക്തത്തിന് നോമ്പ് നല്ല പ്രതിവിധിയാകുന്നു. നോമ്പിലൂടെ പല മുറിവുകളും നീർവീക്കങ്ങളും ഭേദപ്പെടുന്നു. അമേരിക്കയിൽ പല ഡോക്ടർമാരും നോമ്പ് കൊണ്ട് ചികിൽസിക്കുന്നുണ്ട്. (The book of fasting) നോമ്പ് മനുഷ്യന് അസാധാരണമായ ഉന്മേഷവും ശക്തിയും പ്രദാനം ചെയ്യുന്നു. നോമ്പ് പിടിച്ചാൽ രോഗിയാകും എന്ന് പറയുന്നവർ യഥാർഥത്തിൽ ആത്മീയരോഗികളാണ്.

(അൽഫുർഖാൻ: 1966)

---

ലേക്ക് തിരിയുക. മുഹമ്മദ് (സ) അല്ലാഹുവിനാൽ നിയോഗിതനാണെന്നും അവന്റെ ഗ്രന്ഥത്തിന്റെ അദ്ധ്യാപകനാണെന്നും അറിയുക. ചില കാര്യങ്ങളിൽ നിന്നും രക്ഷപ്പെടുക, ചില കാര്യങ്ങളെ എപ്പോഴും ചെയ്തുകൊണ്ടിരിക്കുക. ഉദാഹരണമായി (ചെയ്യരുതാത്തത്) മോശവും, ഭൗതീകരും, നീചരുമായവരുടെ സഹവാസത്തിൽ നിന്നും, അത്യാഗ്രഹം, മോഷണം, ഗമകാണിക്കൽ, പരദൂഷണം, ദുരാരോപണം, അന്യരുടെ അവകാശത്തെ ധ്വംസിക്കുന്നവരും എല്ലാ തരത്തിലുള്ള അധമരായ അക്രമികളുടെ സഹവാസത്തിൽ നിന്നും എപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരിക്കുക. അലസത കാണിക്കരുത്, കലഹങ്ങളിൽ നിന്നും വഴക്കുകളിൽ നിന്നും രക്ഷപ്പെടുക, അങ്ങാടിയിലെ മധുര പലഹാരങ്ങൾ ഉപയോഗിക്കരുത്, സ്വാർഥരാകരുത്, അതിലെല്ലാത്തിലും ഉപരിയായി അല്ലാഹുവിനോട് പോരാടരുത്.

ചെയ്യേണ്ട കാര്യങ്ങൾ, നല്ല സഹവാസം സ്വീകരിക്കുക, എല്ലാ വിധത്തിലുമുള്ള ദുശ്ശീലങ്ങളെയും ഉപേക്ഷിക്കുക, എളിമ കൈവരിക്കുക, അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിറവേറ്റുക, പ്രാവർത്തികമാക്കണം എന്ന ഉദ്ദേശ്യത്തോടു കൂടി വിശുദ്ധഖുർആൻ പാരായണം ചെയ്യുകയോ കേൾക്കുകയോ ചെയ്യുക, ജമാഅത്തായി നമസ്കരിക്കുക, പരിശ്രമശീലരാകുക, ധൈര്യവും ധൈര്യവും ഉയർന്ന ആത്മവിശ്വാസവും കൈവരിക്കുക, ധീരരാകുക, ദുആകൾ ചെയ്തുകൊണ്ടിരിക്കുക, അല്ലാഹുവിൽ വിശ്വാസം അർപ്പിക്കുക, നല്ല മാതൃകയാകാൻ ശ്രമിക്കുക. അല്ലാഹു വിജയിപ്പിക്കുന്നവനാണ് എന്നതിൽ വിശ്വാസം അർപ്പിക്കുക. പിന്നീട് സ്ഥിരചിത്തരാകുക. അതിനെല്ലാം ഉപരിയായി അല്ലാഹുവുമായി ഉടമ്പടിയുണ്ടാക്കുക.

**ദുആ:** ഞാൻ പറഞ്ഞ എല്ലാ കാര്യങ്ങളെയും പ്രാവർത്തികമാക്കുന്നതിനുള്ള തൗഫീഖ് അല്ലാഹു നമുക്കേവർക്കും നൽകി അനുഗ്രഹിക്കുമാറാകട്ടെ. നമുക്കെല്ലാവർക്കും അവന്റെ യഥാർഥ അനുസാരിയാകുന്നതിനുള്ള തൗഫീഖ് തന്നരുളുമാറാകട്ടെ. നമ്മെ എല്ലാവരെയും യഥാർഥ അനുസാരിയെന്ന നിലയിൽ തന്നെ ഈ ലോകത്തു നിന്നും തന്റടുക്കലേക്ക് വിളിക്കുമാറാകട്ടെ. നമ്മുടെ അവസാന വാക്ക് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്നാകുമാറാകട്ടെ. ആമീൻ സുമ്മ ആമീൻ.(പ്രഭാഷണം: ജൽസ അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



# സീറത്തുൽ മഹ്ദി

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

## അല്ലാഹുവിന്റെ ഔദാര്യം



മൗലവി ശേർ അലി സാഹിബ് നിവേദനം ചെയ്യുന്നു, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്തു, അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ റംസാൻ മാസം ശൈത്യകാലത്താണു വരുന്നത് എന്നത് അവന്റെ വലിയൊരു ഔദാര്യമാണ്, അങ്ങനെ നോമ്പ് എടുക്കുന്നത് വലിയ ശാരീരികബുദ്ധിമുട്ടുകൾക്ക് കാരണമാകാതിരിക്കുന്നതിനാൽ റംസാൻ മാസത്തിലും തടസ്സങ്ങൾ ഒന്നുമില്ലാതെ ജോലി ചെയ്യാൻ സാധിക്കുന്നു. മൗലവി സാഹിബ് പറയുന്നു, ആ സമയത്ത് നോമ്പ് ഡിസംബർ മാസത്തിൽ ആയിരുന്നു.



മിർസാ ബശീർ അഹ്മദ് സാഹിബ് M.A പറയുന്നു; ഞാൻ ആ കാലഘട്ടത്തിലെ കലണ്ടറുകൾ പരിശോധിച്ചു, ഹദ്റത്ത് മസീഹ് മൗഊദ്(അ) മസീഹ് വാദം പുറപ്പെടുവിച്ചത് 1891ൽ ആയി രുന്നു. 1891ൽ റംസാൻ മാസം ഏപ്രിൽ 11 നാണ് തുടങ്ങിയത്, ഇത് റംസാൻ മാസം ശൈത്യകാലത്തേക്ക് പ്രവേശിക്കുന്നതിന്റെ മുന്നോടിയായിരുന്നു; 1892ൽ റംസാൻ മാസാരംഭം മാർച്ച് 31 നായിരുന്നു; 1893ൽ മാർച്ച് 20നു ആരംഭിച്ചു; പിന്നീട് എല്ലാ വർഷവും റംസാൻ മാസം ശൈത്യകാലത്തിൽ തന്നെ വന്നുകൊണ്ടിരുന്നു. അങ്ങനെ മസീഹ് മൗഊദ്(അ)ന്റെ വിയോഗസമയം എത്തിയപ്പോൾ ആ വർഷം റംസാന്റെ ആരംഭം ഒക്ടോബർ 1-നായിരുന്നു. ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗകാലഘട്ടം മുഴുവനും തന്നെ റംസാൻ മാസം ശൈത്യകാലത്ത് വന്നുകൊണ്ടിരുന്നു. ഇത് അല്ലാഹുവിന്റെ വിധിപ്രകാരം അവന്റെ സവിശേഷമായ ഒരനുഗ്രഹമായിരുന്നു. ഇതിനെ മസീഹ് മൗഊദി(അ)നെ പോലുള്ള ദീർഘവീക്ഷണമുള്ള വ്യക്തി അല്ലാഹുവിന്റെ ഔദാര്യമായി മനസ്സിലാക്കുകയും തന്റെ ഉള്ളിൽ നന്ദിയുടെ വികാരങ്ങൾ ഉരുവാക്കിയെടുക്കുകയും ചെയ്തു.

(സീറത്തുൽ മഹ്ദി വാല്യം:2)

## ദിവ്യതേജസ്സ്



മൗലവി സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബ് (റ) അരുൾ ചെയ്യുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മിന്റെ കാലഘട്ടത്തിൽ മർദാൻ ഗ്രാമത്തിൽ നിന്നുള്ള ഒരു വ്യക്തി മിയാൻ മുഹമ്മദ് യുസുഫ് സാഹിബ് മർദാനിയോടൊപ്പം ചികിത്സക്കായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ സമക്ഷത്തിൽ ഖാദിയാനിൽ വന്നു. ആ വ്യക്തി ജമാഅത്തിന്റെ കടുത്ത എതിരാളിയായിരുന്നു. മൗലവി യൂസുഫ് സാഹിബിന്റെ നിർബന്ധ പ്രകാരമാണ് അയാൾ വരാൻ തയ്യാറായത്. ഒരു കാരണവശാലും അഹ്മദികളുടെ മഹല്ലിൽ പ്രവേശിക്കില്ല എന്നും മഹല്ലക്കു പുറത്ത് തനിക്ക് താമസിക്കാൻ സൗകര്യം ചെയ്തു തരണമെന്നുമുള്ള നിബന്ധനകൾ വെച്ചു കൊണ്ടാണയാൾ വന്നത്. എന്തായാലും അയാൾ വന്ന് അഹ്മദിയ്യാ മഹല്ലക്ക് പുറത്ത് താമസിക്കുകയും ഖലീഫ അവ്വലിൽ നിന്നും ചികിത്സ ആരംഭിക്കുകയും ചെയ്തു. അൽപനാളുകൾക്കു ശേഷം അയാൾ സൗഖ്യം പ്രാപിച്ചപ്പോൾ തന്റെ ഗ്രാമത്തിലേക്ക് മടങ്ങാൻ തയ്യാറെടുത്തു. മിയാൻ യൂസുഫ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: എന്തായാലും താങ്കൾ ഖാദിയാൻ വരെ വന്നു പോവുകയാണ് ഞങ്ങളുടെ പള്ളി കൂടി കണ്ടിട്ടു പോകാം. അയാൾ ആദ്യം എതിർത്തെങ്കിലും മൗലവി സാഹിബിന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥന മാനിച്ചുകൊണ്ട് പള്ളിയിൽ മിർസാ സാഹിബോ മറ്റു അഹ്മദികളോ ഇല്ലാത്ത സമയത്ത് വരാം എന്നു സമ്മതിച്ചു. അങ്ങനെ ആരും ഇല്ലാത്ത സമയം നോക്കി മിയാൻ യൂസുഫ് സാഹിബ് അദ്ദേഹത്തെ മസ്ജിദ് മുബാറക്കിൽ കൊണ്ടു വന്നു. എന്നാൽ ദൈവിക വിധി മറ്റൊന്നായിരുന്നു, അവർ പള്ളിയിൽ പ്രവേശിച്ചതും ഹദ്റത് മസീഹ് മൗഊദി(അ)ന്റെ വീടിന്റെ വാതിൽ തുറന്നതും ഒരുമിച്ചായിരുന്നു, ഹുസൂർ (അ) എന്തോ ആവശ്യത്തിനായി പള്ളിയിൽ വന്നു. അയാളുടെ നോട്ടം ഹദ്റത്ത് മസീഹ്(അ) ൽ പതിഞ്ഞതും അയാൾ അനിയന്ത്രിതമായി മസീഹ് (അ) ന്റെ മുന്നിൽ വരികയും ബയ്അത്ത് ചെയ്യുകയും ചെയ്തു.

(സീറത്തുൽ മഹ്ദി വാല്യം:1 )

# പുതിയ തലമുറക്ക് നോമ്പ് വെക്കുന്ന ശീലം ഉണ്ടാക്കി കൊടുക്കുക

**ഖാദിംകളോട്**
**ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)**



നോമ്പ് എടുക്കുന്ന ശീലം പുതിയ തലമുറയിലേക്ക് സവിശേഷമായി പകർന്നു കൊടുക്കേണ്ടതുണ്ട്; പൊതുവിൽ നമ്മുടെ പുതിയ തലമുറ പ്രത്യേകിച്ചും, യൂറോപ്പിലും അമേരിക്കയിലും മറ്റു രാജ്യങ്ങളിലും ജനിച്ചു വളരുന്ന തലമുറ നോമ്പിനെ ശരിയായ ആദരവോട് കൂടി കാണുന്നില്ല. അതിന്റെ ശരിയായ പ്രാധാന്യം അവർ ഉൾകൊണ്ടിട്ടില്ല; ഇതിനു വലിയൊരു പങ്ക് ഉത്തരവാദികൾ മാതാപിതാക്കളാണ്. അവർ കരുതുന്നത് റംസാൻ മാസം വന്നു കഴിഞ്ഞാൽ അതിൽ നോമ്പ് എടുക്കുന്നതുകൊണ്ട് മാത്രം എല്ലാം കഴിഞ്ഞു എന്നാണ്; എന്നാൽ ഏതുവരെ ശരിയായ അർത്ഥത്തിൽ ദീനിന്റെ കടമകളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുന്നില്ലയോ, ഏതുവരെ നോമ്പ് എടുക്കുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും അവരെ സഹായിക്കുന്നില്ലയോ അതു വരെ മാതാപിതാക്കളുടെ ഉത്തരവാദിത്തം പൂർണ്ണമാകുന്നില്ല.

## റംസാനും തഹജ്ജുദും::

റംസാനു തഹജ്ജുദുമായി സവിശേഷമായ ബന്ധമുണ്ട്.തഹജ്ജുദ് ഇല്ലാതെ കണ്ട് അനുഷ്ടിക്കപ്പെടുന്ന നോമ്പുകൾ അപൂർണ്ണവും അർത്ഥമില്ലാത്തതുമായ നോമ്പുകൾ ആണ്. ആയതിനാൽ കുട്ടികൾക്ക് ഇതിനെക്കുറിച്ച് ഉണർത്തിക്കേണ്ടതുണ്ട്,റസൂൽ കരീം(സ.അ) ഒരവസരത്തിൽ പറഞ്ഞു; അല്ലാഹു റംസാനിലെ നോമ്പുകൾ നിർബന്ധമാക്കിയിരിക്കുന്നു, ഞാൻ അതിൽ തഹജ്ജുദ്ദിന്റെ സുന്നത്തിനെ നിലനാട്ടികൊണ്ട് നിങ്ങൾക്ക് കൂടുതൽ അനുഗ്രഹത്തിന്റെ വാതിലുകൾ തുറന്ന് തന്നിരിക്കുന്നു; വിശുദ്ധ ഖുർആനിൽ ഇതിന്റെ പ്രാധാന്യത്തെ എടുത്ത് പറഞ്ഞിരിക്കുന്നു, അതിന്റെ ധാരാളം അനുഗ്രഹങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തിരിക്കുന്നു; ഇത് മഖാമെ മഹ്മൂദിന്റെ ഉന്നതമായ സ്ഥാനത്തേക്ക് വരെ കൊണ്ടെത്തിക്കുന്ന കർമ്മം ആകുന്നു. പ്രത്യേകിച്ച് റംസാനിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. ഹദ്റത്ത് ആയിഷാ(റ) രിവായത് ചെയ്യുന്നു: ഞാൻ റംസാൻ മാസത്തില ല്ലാതെ ഇത്രയും സുദീർഘമായി റസൂൽ കരീം(സ) തഹജ്ജുദ് നമസ്ക്കരിക്കുന്നത് കണ്ടിട്ടില്ല. ചില സന്ദർഭങ്ങളിൽ മുഴുവൻ സമയവും നമസ്ക്കാരത്തിൽ ചിലവിടുമായിരുന്നു.

## തർബിയത്തിന്റെ ഉത്തമമായ മാർഗം::

തറാവീഹിനെ സംബന്ധിച്ച ഒരു രിവായത് വരുന്നത് അത് ഹദ്റത്ത് ഉമർ(റ)വിന്റെ കാലത്ത് ആരംഭിച്ചു എന്നുള്ളതാണ്. പലപ്പോഴും ഇതിനെ സംബന്ധിച്ച പല ആക്ഷേപങ്ങളും ഉയർന്നിട്ടുണ്ട്, വിശിഷ്യാ ഹദ്റത്ത് ഉമർ(റ) വിനെ ഇഷ്ടമില്ലാത്തവർ ഒരു ആക്ഷേപമെന്ന നിലയിൽ ഇത് ഹദ്റത്ത് ഉമർ(റ)വിന്റെ സുന്നത്താണെന്ന് പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ തറാവീഹിന്റെ ആരംഭം ഹദ്റത്ത് റസൂൽ കരീം(സ)മിന്റെ കാലഘട്ടത്തിൽ ആണ് ഉണ്ടായിട്ടുള്ളത്.റസൂൽ കരീം(സ) റംസാൻ മാസത്തിൽ ജമാഅത്തായി നഫൽ നമസ്ക്കരിക്കാൻ ആരംഭിച്ചു, കുറച്ച് ദിവസം ഇത് തുടർന്ന ശേഷം തന്റെ ഉമ്മത്ത് ഇതിനെ നിർബന്ധ നമസ്ക്കാരമായി കരുതിയാലോ എന്ന ഭയം കാരണത്താൽ ഉപേക്ഷിക്കുകയാണുണ്ടായത്. ചുരുക്കത്തിൽ ഈ സുന്നത്തിന്റെ ആരംഭം റസൂൽ(സ)യിൽ നിന്നു തന്നെയാണ്, ഹദ്റത്ത് ഉമർ(റ) കൂലിപ്പണിക്കാരായ ആളുകൾക്കു വേണ്ടി; അവർ ജോലിയുടെ ആധിക്യത്താൽ ക്ഷീണിതരാകുകയും രാവിലെ തഹജ്ജുദ് നമസ്ക്കരിക്കാൻ സാധ്യമല്ലാതെ വരികയും ചെയ്യുന്ന കാരണത്താൽ വീണ്ടും ഈ സുന്നത്തിനെ പുന:സ്ഥാപിച്ചു, ആ കാലത്ത് ഇരുപത് റക്കഅത്തുകൾ വരെ നമസ്ക്കരിക്കാറുണ്ടായിരുന്നു. എന്നാൽ റസൂൽ(സ)മിന്റെ സുന്നത്ത് എട്ടു റക്കഅത്ത് നമസ്ക്കരിക്കുക എന്നതായിരുന്നു, പിന്നീട് രണ്ടു റക്കഅത്ത് വിത്റിന്റെയും അതിനു ശേഷം ഒരു റക്കഅത്ത് മുഴുവൻ നമസ്ക്കാരത്തേയും വിത്ർ ആക്കുന്നതിനായി നമസ്ക്കരിക്കുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ പതിനൊന്ന് റക്കഅത്തിന്റെ സുന്നത്താണ് സ്ഥാപിതമായിട്ടുള്ളത്, ആയതിനാൽ അഹ്മദിയാ ജമാഅത്തും ഇത് അവലംബിച്ച് വരുന്നു.

## ഖുർആൻ മന:പാഠം:

ഈ വിഷയ സംബന്ധമായി മറ്റൊരു ഒഴിച്ചുകൂടാനാകാത്ത പ്രധാന കാര്യം നമ്മുടെ ജമാഅത്തിലെ കുട്ടികൾ പ്രത്യേകിച്ചും യൂറോപ്യൻ നാടുകളിൽ വസിക്കുന്ന കുട്ടികൾ വിശുദ്ധഖുർആൻ വളരെ കുറച്ച് മാത്രമെ മന:പ്പാഠമാക്കുന്നുള്ളു എന്നതാണ്. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ചിലർക്ക് സൂറ: ഇഖ്ലാസ് മാത്രമെ അറിയൂ എന്നാണ്; ഇത് വളരെ മോശമായ കാര്യമാണ്, അഹ്മദികൾ വിശുദ്ധ ഖുർആൻ കഴിവിന്റെ പരമാവധി മന:പാഠമാക്കാൻ ശ്രമിക്കേണ്ടതാണ്; മുഴുവനും മന:പാഠമാക്കാൻ സാധിച്ചിട്ടില്ലെങ്കിലും കുറഞ്ഞത് വ്യത്യസ്ഥമായ ഭാഗങ്ങളിൽ നിന്ന് ഒരു ജുസുവിന് തുല്ല്യമെങ്കിലും മന:പാഠമാക്കിയിരിക്കേ ണ്ടതാണ്. ഇനി ഇതും സാധിച്ചിട്ടില്ലെങ്കിൽ വ്യത്യസ്തമായ നമസ്ക്കാരങ്ങളിൽ വ്യത്യസ്തമായ സൂറത്തുകൾ ഓതാനെങ്കിലും നിർബന്ധമായും പഠിച്ചിരിക്കെണ്ടതാണ്.

## തർബിയത്തിൽ ശ്രദ്ധിക്കുക::

റംസാനിൽ മുൻ കൈ എടുത്തു ചെയ്യേണ്ട കർമ്മങ്ങളിൽ ഒന്ന് നഫൽ നമസ്ക്കാരങ്ങൾ ആണ്. ഇതിൻ റംസാനുമായി ആഴമേറിയ ബന്ധമുണ്ട്. രണ്ടാമത്തെ കാര്യം സദഖയാണ്, ഇതിലൂടെ ദരിദ്രരോട് സഹാനുഭൂതി ഉണ്ടാക്കിയെടുക്കേണ്ടതാണ്,പലപ്പോഴും അവഗണിച്ചുകളയപ്പെടുന്ന വിഷയമാണിത്;ഈ ലോകത്ത് ദരിദ്രരും പട്ടിണിയിൽ പൊറുതി മുട്ടുന്നവരുമായ ധാരാളം ജനങ്ങൾ ഉണ്ടെന്ന് മാതാപിതാക്കൾ കുട്ടികളെ പറഞ്ഞ് ബോധ്യപ്പെടുത്തുകയും അങ്ങനെ അവരുടെ ഉള്ളിൽ സമസൃഷ്ടികളോടുള്ള സേവന മനോഭാവവും വളർത്തിയെടുക്കുകയും ചെയ്യേണ്ടതാണ്.

റംസാനിൽ എന്നെന്നും ഓർമ്മയിൽ നിൽക്കുന്ന വികാരങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ സ്നേഹത്തെ മുൻനിർത്തി കാര്യങ്ങൾ അവതരിപ്പിക്കുക, റസൂൽ (സ) യുടെ സ്നേഹത്തെ മുൻനിർത്തി കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുക;അങ്ങനെ അത് കുട്ടികളുടെ ഹൃദയങ്ങളിൽ എന്നെന്നും നില നിൽക്കുന്നതായി തീരുന്നതാണ്.

(ഖുത്ബ സംഗ്രഹം ഏപ്രിൽ 22 1988)

# ത്യാഗജീവിതത്തിന് സമ്മതിപത്രം 66 വർഷത്തിനു ശേഷം



സീരെവീട്ടിൽ കുഞ്ഞി അഹ്മദ് സാഹിബ് (പഴയങ്ങാടി) കേരളത്തിലെ ആദ്യകാല അഹ്മദികളിൽപെട്ടയാളാണ്. പഴയങ്ങാടിയിലെ അഹ്മദിയ്യ മസ്ജിദിനു വേണ്ടി 1919 -ൽ സ്ഥലം നല്കിയ അദ്ദേഹം സ്വന്തം ചെലവിൽ തന്നെ പള്ളി നിർമിച്ച് 1921 ഫെബ്രുവരി 7-ന് വഖ്ഫ് ചെയ്യുകയും ചെയ്തു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മ ദിയ്യാ പള്ളിയെന്ന ബഹുമതിയുള്ള ഈ പഴയങ്ങാടി മസ്ജിദിന് 1919 ജൂലായ് മാസത്തിൽ ശിലാകർമം നിർവഹിച്ചത് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ പ്രഗത്ഭ സഹാബി ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി(റ)ആയിരുന്നു.



പഴയങ്ങാടിയിലെ പഴയ അഹ്മദിയ്യാ പള്ളി

1909ൽ ബയ്അത്ത് ചെയ്ത ബഹുമാനപ്പെട്ട സി.വി. കുഞ്ഞി അഹ്മദ് സാഹിബ് 1947 മാർച്ച് 25 ന് തന്റെ വരുമാനത്തിന്റെ 1/8 അദ്ദേഹം വസിയ്യത്തു ചെയ്തു. അദ്ദേഹത്തിന്റെ വസിയ്യത്ത് നമ്പർ 10055 ആകുന്നു. വസിയ്യത്ത് സ്വീകാരത്തിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കെ 1948 മെയ് 14ന് വഫാത്തായ അദ്ദേഹത്തിന്റെ ഖബ്ർ പഴയങ്ങാടി അഹ്മദിയ്യ ഖബ്ർസ്ഥാനിൽ മൗലാനാ മർഹൂം അബ്ദുല്ലാഹ് സാഹിബ് എച്ച്. എ അന്ത്യവിശ്രമം കൊള്ളുന്നതിന്നടുത്താണ്.

മൂസിയായ അദ്ദേഹത്തിന്റെ സ്മാരകശില ഇതുവരേയും ബിഹിശ്തി മഖ്ബറയിൽ സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ പഴയങ്ങാടി അമീർ സാഹിബിന്റെ ശ്രമഫലമായി അൽഹംദുലില്ലാഹ് അതിനുള്ള അംഗീകാരം ഖലീഫത്തുൽ മസീഹ് തിരുമനസ്സുകൊണ്ട് നല്കിയിരിക്കുന്നു. ഇതുസംബന്ധമായി നടന്ന എഴുത്തുകുത്തുകളുടെ ചെറിയൊരു രൂപം താഴെചേർക്കുന്നു.

വസിയ്യത്ത് ഫാറം അദ്ദേഹം ഇങ്ങനെയാണ് പൂരിപ്പിച്ചിട്ടുള്ളത്:

**"എനിക്ക് സ്വന്തമായിട്ട് ഇപ്പോൾ സ്വത്തൊന്നുമില്ല. എന്നാൽ, ചില പൈതൃകമായ സ്വത്തുക്കൾ എന്റെ കൈവശമുണ്ട്. അതിലെ വരുമാനത്തിൽ മാത്രമാണ് എനിക്ക് അവകാശമുളളത്. ഇപ്പോൾ എന്റെ മാസവരുമാനം 120/- രൂപയാണ്. ഞാൻ എന്റെ ജീവിതകാലം മുഴുവൻ 1/8 (എട്ടിലൊന്ന്) ഭാഗം സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ ഖജനാവിൽ അടച്ചുകൊണ്ടിരിക്കുന്നതാണ്. ഇതിനുശേഷം ഏതെങ്കിലും തരത്തിലുള്ള സ്വത്ത് എനിക്കുണ്ടാകുകയാണെങ്കിൽ അതിന്റെ വിവരം മജ്‌ലിസ് കാർപർദാസിനെ അറിയിച്ചു കൊണ്ടിരിക്കുന്നതാണ്. അതിനും ഈ വസിയ്യത്ത് ബാധകമായിരിക്കും. മരണാനന്തരം എന്റെ എല്ലാ സ്വത്തിന്റേയും 1/8 ഭാഗത്തിന്റെ ഉടമസ്ഥാവകാശം സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനായിരിക്കും."**

പഴയങ്ങാടി ജമാഅത്തിന്റെ അമീർ അദ്ദേഹത്തെ സംബന്ധിച്ച് എഴുതി: *'ബഹുമാന്യ സി.വി. കുഞ്ഞഹ്മദ് സാഹിബിന്റെ ജീവിതം ജമാഅത്തിനുവേണ്ടി അർപണം ചെയ്തതായിരുന്നു.1909 മുതൽ താൻ ഇഹലോകവാസം വെടിഞ്ഞ 1948 വരെ വിവിധ തലങ്ങളിൽ അദ്ദേഹം ജമാഅത്തിന് സേവനം ചെയ്തിട്ടുണ്ട്. പഴയങ്ങാടിയിൽ നിർമിച്ച ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യ മസ്ജിദിന് സ്ഥലം നല്കിയതോടൊപ്പം മസ്ജിദ് നിർമാണ ചെലവുകളും അദ്ദേഹമാണ് വഹിച്ചത്.'*



ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി(റ)

ഓഫീസിലെ രേഖകളിൽനിന്ന് അദ്ദേഹത്തിന്റെ വഫാത്തിനു മൂന്നു വർഷത്തിനുശേഷം ബിഹിശ്തി മഖ്ബറ ഓഫീസിന്റെ നിർദേശപ്രകാരം അദ്ദേഹത്തിന്റെ മകൻ കുടിശികയെല്ലാം അടച്ചു തീർത്തിരിക്കുന്നതായി മനസ്സിലാകുന്നു. സ്വത്തു സംബന്ധമായി അദ്ദേഹത്തിന്റെ മകൻ ബഹുമാന്യ കമാലുദ്ദീൻ സാഹിബിന്റെ വിശദീകരണം ഇപ്രകാരമാണ്:

**'ബഹുമാന്യ പിതാവിനുണ്ടായിരുന്നത് പൈതൃക സ്വത്താണ്, അദ്ദേഹത്തിന്റെ സ്വന്തമല്ല. അദ്ദേഹത്തിന്റെ കുടുംബസ്വത്തായിരുന്നു. സമ്പന്നകുടുംബങ്ങളിൽ നിന്ന് ഏതെങ്കിലും മഹാത്മാവ് മരിച്ചാൽ തന്റെ സ്വത്ത് മക്കൾക്കു നല്കിയതിനുശേഷം അതിൽനിന്ന് കുറച്ചുഭാഗം തന്റെ കുടുംബത്തിന്റെ പേരിലും എഴുതി വെക്കാറുണ്ട്. അത്തരം സ്വത്തിന് കുടുംബാംഗങ്ങളെല്ലാം അവകാശികളായിരിക്കും. ആ അവകാശം അതിന്റെ വരുമാനത്തിൽ മാത്രം ആയിരിക്കും. ആ വരുമാനത്തിന്റെ അവകാശവും അയാളുടെ ജീവിതകാലംവരെ മാത്രം പരിമിതമായിരിക്കും. അത്തരം സ്വത്ത് കുടുംബത്തിലെ ഏറ്റവും മുതിർന്ന ആളുടെ കൈയിലായിരിക്കും ഉണ്ടാകുക. ബഹുമാന്യ പിതാവ് പ്രായത്തിന്റെ അടിസ്ഥാനത്തിൽ തന്റെ കുടുംബത്തിലെ മുതിർന്ന വ്യക്തിയായിരുന്നു. അതുകൊണ്ട് പൈതൃകസ്വത്ത് അദ്ദേഹത്തിന്റെ കൈവശം വന്നു. അതിലെ വരുമാനം അദ്ദേഹം എല്ലാ കുടുംബാംഗങ്ങൾക്കും വീതിച്ചു കൊടുക്കുമായിരുന്നു. സ്വന്തമായിട്ടും ഉപയോഗിച്ചിരുന്നു. ബഹുമാന്യപിതാവ് മരിക്കുന്നതിന് കുറച്ചുകാലം മുമ്പേ ഈ പൈതൃകസ്വത്തിന്റെ എല്ലാ രേഖകളും എന്നെ ഏല്പിച്ചുകൊണ്ട് തന്റെ മരണശേഷം ഈ എല്ലാ രേഖകളും തന്റെ ഇളയ അനുജൻ മൂസാൻകുട്ടി സാഹിബിന് കൊടുക്കണമെന്ന് പറഞ്ഞിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം ഞാൻ നേരിട്ട് ഈ എല്ലാ രേഖകളും പിതൃസ**

ഗോൾ പോസ്റ്റ്

സഫ്‌വാൻ വാഴക്കാല

# സിവിൽ സർവീസിന് ഒരാമുഖം

ഇന്ന് നിലവിൽ ലഭ്യമായ കരിയർ ഓപ്ഷനുകളിൽ ഏറ്റവും മികച്ചതും പ്രഥമസ്ഥാനത്തുള്ളതുമാണ് സിവിൽ സർവീസ്. രാജ്യ ത്തിന്റെ വിവിധഭരണവിഭാഗങ്ങളിൽ ക്രിയാത്മക നേതൃത്വം കൊടുക്കാൻ കഴിയുന്ന പ്രതിഭാശാലികളായ വ്യക്തികളെ കണ്ടെത്താൻ വേണ്ടി യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനാണ് സിവിൽ സർവീസ് പരീക്ഷ നടത്തുന്നത്. ഈ പരീക്ഷയിൽ വിജയിക്കുന്ന ഉദ്യോഗാർഥികൾക്ക് അവർക്കു ലഭിച്ച റാങ്കിന്റെ യും അവർ നൽകിയ സർവീസ് ഓപ്ഷന്റെയും അടിസ്ഥാനത്തിൽ 23-ഓളം കേന്ദ്ര സർവീസുകളിലൊന്നിൽ നിയമനം ലഭിക്കും. പൊതുവെ സിവിൽ സർവീസ് എന്നു കേൾക്കുമ്പോൾ ഐ. എ.എസ്, ഐ.എഫ്. എസ്, ഐ.പി.എസ് തുടങ്ങിയവയാണു മനസിലേക്കു ഓടിയെത്തുക. എന്നാൽ ഇവ കൂടാതെ മറ്റു സർവീസുകളും ഉണ്ട്. അവയ്ക്കു അതിന്റേതായ പ്രസക്തിയും പ്രാധാന്യവുമുണ്ട്. ഇന്ത്യൻ പി.&റ്റി അക്കൗണ്ട്സ് & ഫിനാൻസ് സർവീസ്, ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവീസ്, ഇന്ത്യൻ റവന്യൂ സർവീസ്, ഇന്ത്യൻ ഡിഫൻസ് അക്കൗണ്ടസ് സർവീസ്, ഇന്ത്യൻ ഓർഡി നൻസ് ഫാക്ടറീസ് സർവീസ്, ഇന്ത്യൻ പോസ്റ്റൽ സർവീസ്, ഇന്ത്യൻ സിവിൽ അക്കൗണ്ടസ് സർവീസ്, ഇന്ത്യൻ റെയിൽവെ പെഴ്സണൽ സർവീസ്, ഇന്ത്യൻ റെയിൽവെ ട്രാഫിക് സർവീസ്, ഇന്ത്യൻ റെയിൽവെ അക്കൗണ്ട്സ് സർവീസ്, അസിസ്റ്റന്റ് സെക്യൂരിറ്റി കമ്മീഷണർ ഇൻ റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ്, ഇന്ത്യൻ ഡിഫൻസ് എസ്റ്റേറ്റ്സ് സർവീസ്, ഇന്ത്യൻ ഇൻഫർമേഷൻ സർവീസ്, ഇന്ത്യൻ ട്രേഡ് സർവീസ്, ഇന്ത്യൻ കോർപേറ്റ് ലോ സർവീസ്, ( എ ഗ്രൂപ്പ് സർവീസ്) ഇന്ത്യൻ ആംഡ് ഫോഴ്സസ് ഹെഡ്ക്വാർട്ടേഴ്സ് സിവിൽ സർവീസ്, കേന്ദ്ര ഭരണ പ്രദേശങ്ങളിലേക്കുള്ള സിവിൽ സർവീസ്, കേന്ദ്ര ഭരണ പ്രദേശങ്ങളിലേക്കുള്ള പോലീസ് സർവീസ്, പോണ്ടിച്ചേരി സിവിൽ സർവീസ് (ബി ഗ്രൂപ്പ് സർവീസ്) തുടങ്ങിയവയാണ് അവ.

ബിരുദ യോഗ്യതയുള്ള, 21 വയസ്സ് പൂർത്തിയാക്കിയ ഏതൊരു ഇന്ത്യൻ പൗരനും സിവിൽ സർവീസ് പരീക്ഷയെഴുതാൻ കഴിയും. ഈ വർഷം മുതൽ വയസ്സിൽ ഇളവ് വരുത്തിയതിനാൽ 32 വയസ്സ് പ്രായം വരെ പരീക്ഷ എഴുതാവുന്നതാണ്. നേരത്തെ 28 വയസ്സു വരെ കഴിയുമായിരുന്നുള്ളു. ഒ.ബി.സി. ഉദ്യോഗാർഥികൾക്കു 3 വർഷം കൂടി ഇളവ് ലഭിക്കുന്നതാണ്. ഒരാൾക്ക് 6 തവണ ഈ പരീക്ഷയിൽ പങ്കെടുക്കാൻ കഴിയും. ഒ.ബി.സി. ഉദ്യോഗാർഥികൾക്കു 9 തവണ ചാൻസ് ലഭിക്കുന്നതാണ്.

പ്രിലിമിനറി,മെയിൻ,ഇന്റർവ്യൂ തുടങ്ങിയ മൂന്ന് ഘട്ടങ്ങളായാണ് ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നത്. പ്രിലിമിനറി പരീക്ഷ സി-സാറ്റ് അഥവാ സിവിൽ സർവീസസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് എന്നാണ് പൊതുവെ അറിയപ്പെടുന്നത്. വിഷയജ്ഞാനത്തോടൊപ്പം യുക്തിപൂർവ്വമായ വിശകലനത്തിന് അഭിക്ഷമതയുള്ള വ്യക്തികളെ കണ്ടെത്തുകയാണ് പ്രിലിമിനറി പരീക്ഷയുടെ ലക്ഷ്യം. ഇതിലെ വിജയമാണ് മെയിൻ പരീക്ഷക്കുള്ള യോഗ്യത നിർണയിക്കുന്നത്.എന്നാൽ ഇതിലെ മാർക്ക് അവസാന വിജയം നിശ്ചയിക്കുന്നതിനു വേണ്ടി എടുക്കുന്നതല്ല. പ്രിലിമിനറി പരീക്ഷ രണ്ടു പേപ്പറുകളടങ്ങുന്ന ഒബ്ജക്റ്റീവ് പരീക്ഷ യാണ്. ഓരോ പേപ്പറിനും 200 മാർക്ക് വീതമാണ് നിശ്ചയിച്ചിരിക്കുന്നത്. നെഗറ്റീവ് മാർക്കുണ്ട്. ഓരോ തെറ്റായ ഉത്തരത്തിനും വൺ തേർഡ് മാർക്ക് കുറയും. ഹിന്ദിയിലും ഇംഗ്ലീഷിലുമായിരിക്കും ചോദ്യങ്ങൾ. ഓരോ പേപ്പറും രണ്ടു മണിക്കൂർ ദൈർഘ്യമുള്ളതായിരിക്കും. ആദ്യത്തെ പേപ്പറിൽ ദേശീയ അന്തർദേശീയ തലത്തി ലുള്ള ആനുകാലിക സംഭവങ്ങൾ, ഇന്ത്യാചരിത്രം, ഇന്ത്യൻ ദേശീയ പ്രസ്ഥാനം, ഇന്ത്യയുടെയും ലോകത്തിന്റെയും ഭൂമിശാസ്ത്രം, ഇന്ത്യൻഭരണ സംവിധാനം, ഇന്ത്യൻ ഭരണഘടന, പഞ്ചായത്തി രാജ്, സാമ്പത്തിക സാമൂഹിക പുരോഗതി, ദാരിദ്ര്യം, സാമൂഹികക്ഷേമ പദ്ധതികൾ, പരിസ്ഥിതി, ജൈവവൈവിദ്ധ്യങ്ങൾ, കാലവസ്ഥാ വ്യതിയാനം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ നിന്നുള്ള ചോദ്യ ങ്ങളാണുണ്ടാവുക. രണ്ടാമത്തെ പേപ്പറിൽ ആശയ വൈദഗദ്ധ്യത്തിനുള്ള കഴിവ്, യുക്തിപൂർവ്വമായ വിശകലനത്തിനുള്ള കഴിവ്, തീരുമാനമെടുക്കാനുള്ള കഴിവ്, മാനസികക്ഷമത, അടിസ്ഥാന ഗണിതം (പത്താം ക്ലാസ്സ് നിലവാരം) ഇംഗ്ലീഷ് കൊംപ്രിഹെൻഷനുള്ള കഴിവ് തുടങ്ങിയവ പരിശോധിക്കുന്ന ചോദ്യങ്ങളാണുണ്ടാവുക.

സിവിൽ സർവീസ് പരീക്ഷയെ ഒരു ബാലികേറാ മലയായി കാണേണ്ടതില്ല. ശരാശരി ബുദ്ധിശക്തിയുള്ള, അർപ്പണമനോഭാവത്തോടെ കഠിനാധ്വാനം ചെയ്യാൻ ഒരുക്കമുള്ള ഏതൊരു വ്യക്തിക്കും വിജയിക്കാവുന്നതേയുള്ളൂ. ഏണി കയറുന്നവൻ, ഏറ്റവും താഴത്തെ പടിയിൽ നിന്നു തുടങ്ങണമെന്ന ആഫ്രിക്കൻ പഴമൊഴി ഓർമ്മ വെച്ചാൽ മതി.

**അടുത്ത ലക്കത്തിൽ സിവിൽ സർവീസ് മെയിൻ പരീക്ഷയെ കുറിച്ചുള്ള കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം.**

---



കമാലുദ്ദീൻ സാഹിബ്

**ഹോദരനെ ഏല്പിച്ചു. അതിനുശേഷം പിതാവിന്റെ കൈവശമുണ്ടായിരുന്ന എല്ലാ പൈതൃകസ്വത്തും പിതൃസഹോദരന്റെ കൈയിലെത്തിച്ചേർന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ മരണാനന്തരം ഈ എല്ലാ സ്വത്തും അദ്ദേഹത്തിന്റെ സഹോദരീ പുത്രന്റെ കൈവശമാണുള്ളത്. ഞാൻ പറഞ്ഞതിനും എഴുതിയതിനും അല്ലാഹുവാണ് സാക്ഷി. പിതാവ് മരിക്കുന്ന നേരത്ത് അദ്ദേഹത്തിന് വ്യക്തിപരമായ ഒരു സ്വത്തും ഉണ്ടായിരുന്നില്ല.” (ബഹുമാന്യ കമാലുദ്ദീൻ സാഹിബിന്റെ കത്ത് 1970 ജൂൺ 24 ന് എഴുതിയത്)**

ബഹുമാന്യ കുഞ്ഞി അഹ്മദ് സാഹിബ് വഫാത്തായിട്ട് ഇപ്പോൾ 66 വർഷം കഴിഞ്ഞിരിക്കുന്നു. വസിയ്യത്തിന് അദ്ദേഹത്തിന്റെ ജീവിതകാലത്ത് സ്വീകരണാനുമതി കിട്ടാത്തതുകൊണ്ട് മരണത്തിനുശേഷം അനുമതിക്കും സ്മാരക ഫലകം വെക്കുന്നതിനും വേണ്ടി മജ്‌ലിസ് കാർപർദാസിൽ ആലോചനയ്ക്കു വിധേയമാക്കുന്നതിന് ഹുസൂർ തിരുമനസ്സ് അനുമതി നല്കി. അതിന്റെ അടിസ്ഥാനത്തിൽ മജ്‌ലിസ് കാർപർദാസ് കൂടിയാലോചിച്ച് ഹുദൂർ തിരുമനസ്സിന് റിപ്പോർട്ട് സമർപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹുദൂർ അദ്ദേഹത്തിന്റെ സ്മാരക ശില നാട്ടാൻ 06-05-2014 ന് അനുമതി നല്കിയിരിക്കുന്നു.

**സ്മാരക ഫലകത്തിലെ ഉല്ലേഖനം**

**മുഹ്തരം സി.വി. കുഞ്ഞഹ്മദ് സാഹിബ്**
**വലദ് മുഹ്തരം എ.പി. അബ്ദുല്ലാഹ് സാഹിബ്**
**ഓഫ് പഴയങ്ങാടി(കേരള)**

പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിലെ(കേരള)ആദ്യകാല അഹ്മദികളിൽപ്പെട്ട ആളായിരുന്നു. 1919- ൽ പഴയങ്ങാടിയിൽ നിർമിച്ച ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദിന് സ്ഥലം നല്കിയതോടൊപ്പം അതിന്റെ നിർമാണ ചെലവും വഹിച്ചു. അതിന് ശിലാകർമം നിർവഹിച്ചത് ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)ആയിരുന്നു. മർഹൂമിന് മരണംവരെ വിവിധരീതിയിൽ ജമാഅത്തിന് സേവനം ചെയ്യാൻ ഭാഗ്യംകിട്ടി. അല്ലാഹുമ്മഗ്ഫിർ ലഹൂ വർഹംഹൂ വ അദ്ഖിൽഹുൽ ജന്ന

**ബയ്അത്ത്: 1909 വഫാത്: 1948 മെയ് 14**
**വസിയ്യത്ത് നമ്പർ 10055 വയസ്സ്: 85**



# ജുമുഅത്തുൽ വിദായും ലയ്‌ലത്തുൽ ഖദ്റും

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

## ജുമുഅത്തുൽ വിദാഅ്

**പ്രതീക്ഷിച്ചിരുന്ന ദിനം**

അവസാനം നാളുകളായി പ്രതീക്ഷിച്ചിരുന്ന ആ അനുഗ്രഹീത ദിനം വന്നെത്തി. ഇന്ന് ജനങ്ങൾ വിടവാങ്ങൽ ജുമുഅ എന്ന് വിളിക്കുന്ന ജുമുഅയാണ്. എല്ലാവരും ഇതിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. 52 ആഴ്ചകളായി കൃത്യമായി ജുമുഅ നമസ്കരിക്കുന്നവരും, വർഷത്തിൽ ഈ ഒരു ജുമുഅ മാത്രം നമസ്കരിക്കുന്നവരും ഈ ജുമുഅയെ പ്രതീക്ഷിച്ചിരിക്കുന്നു. കൃത്യമായി അഞ്ചുനേരവും ദൈവസന്നിധിയിൽ സന്നിഹിതരാകുന്നവരും നമസ്കരിക്കാൻ ഭാഗ്യം ലഭിക്കാത്തവരും ഈ ജുമുഅയെ പ്രതീക്ഷിച്ചിരിക്കുന്നു. അതുപോലെ ആരുടെ രാത്രികളാണോ നേരത്തേ തന്നെ ദൈവസ്മരണകളാൽ സജീവമായിക്കഴിഞ്ഞിട്ടുള്ളതും തഹജ്ജുദ് ശീലമാക്കി കഴിഞ്ഞിട്ടുള്ളതും വർഷം മുഴുവനും തന്റെ നാഥന്റെ സവിധത്തിൽ ഹാജരായിക്കൊണ്ട് അവന്റെ കാരുണ്യങ്ങൾ തേടിക്കൊണ്ടിരിക്കുകയും പാപപ്പൊറുതിക്കായി അർഥിച്ചു കൊണ്ടിരിക്കുകയും വർഷം മുഴുവനും ആരാധനകൾ നടത്തിക്കൊണ്ടിരുന്നിട്ടും തങ്ങൾക്ക് യാതൊരു നന്മയ്ക്കും അവസരം ലഭിച്ചിട്ടില്ല എല്ലാം അയഥാർഥമാണ് എന്ന് കരുതുന്നവരും ഈ ജുമുഅയെ പ്രതീക്ഷിച്ചിരിക്കുന്നു. അതുപോലെ ഒരിക്കലും തഹജ്ജുദിന് അവസരവും ഭാഗ്യവും ലഭിക്കാത്തവരും ഇതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

**പൊറുക്കലിന്റെ ദിനം**

ചുരുക്കത്തിൽ വളരെയധികം കണ്ണുകൾ ആകാംക്ഷയോടെ കാത്തിരിക്കുകയും ധാരാളം ഹൃദയങ്ങൾ മിടിച്ചുകൊണ്ടിരിക്കുകയും ചെയ്ത അനുഗ്രഹീത ദിനമാണിത്. കേവലം തങ്ങളുടെ മുഴുവൻ ആയുസിലെയും അലസതകൾ മാപ്പാക്കപ്പെടുകയും, എല്ലാ ഉദാസീനതകളെയും അവഗണിക്കപ്പെടുകയും, ഭാവി ജീവിതം ഭാസുരമാക്കപ്പെടുകയും ചെയ്യുന്ന അനുഗ്രഹീത സമയം ആ അനുഗ്രഹീത ദിനത്തിൽ ലഭിച്ചേക്കാം എന്ന പ്രതീക്ഷയിൽ.

**നിന്ദ്യരായി കാണരുത്**

ഈ നിലയിൽ മുൻപ് ആരാധന അനുഷ്ഠിക്കാൻ ഒരു തരത്തിലുള്ള അവസരവും ലഭിക്കാത്തവരെ നിന്ദ്യദൃഷ്ടിയോടെ വീക്ഷിക്കരുത്. കാരണം അവരുടെ ഈ ജുമുഅ നിരാകരിക്കപ്പെടും എന്ന് ആർക്കും പറയാൻ കഴിയില്ല. അല്ലാഹുവിന്റെ പാപപ്പൊറുതിയുടെ പ്രതീക്ഷയുമായി സജീവമായിട്ടുള്ള ഹൃദയത്തെ തിരസ്കരിക്കപ്പെട്ട ഹൃദയമാണെന്നും,അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഒരു അംശം വീക്ഷിക്കുന്നതിനായി പ്രതീക്ഷയോടെ നിൽക്കുന്ന കണ്ണുകളെ തിരസ്കരിക്കപ്പെട്ട കണ്ണുകളെന്നും വിധിക്കരുത്. ഇതിനു മുമ്പ് ദൈവസ്മരണയാൽ മുഖരിതമല്ലാത്ത ഹൃദയങ്ങളിലും അല്ലാഹു ഇന്ന് കാരുണ്യം ചൊരിഞ്ഞേക്കാം. ഇതിനു മുമ്പ് ആരാധയിൽ യാതൊരു താല്പര്യവും ഇല്ലാതിരുന്നവരെയും അല്ലാഹു അനുഗ്രഹിച്ചേക്കാം. ഈ ജുമുഅയിൽ നിന്ന് അവർ ഒരു നവ വ്യക്തിത്വവുമായി പുറത്ത് വന്നേക്കാം. അതിനാൽ നന്മ ചെയ്യാൻ അവസരം ലഭിച്ചവർ നന്മ ചെയ്യാൻ അവസരം ലഭിച്ചിട്ടില്ലാത്ത തങ്ങളുടെ സഹോദരന്മാർക്കായി ദുആ ചെയ്യേണ്ടതാണ്. അവരെ നിന്ദ്യദൃഷ്ടിയോടെ വീക്ഷിക്കുവാനവർക്ക് അവകാശമില്ല....

**അനുഗ്രഹീത ദിനം**

ചുരുക്കത്തിൽ ഇന്ന് എത്ര അനുഗ്രഹീത ദിനമാണ്. നന്മ ചെയ്യുകയും, തങ്ങളുടെ നന്മകൾ തങ്ങളുടെ സഹോദരന്മാരിൽ ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക്. അവർ അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്തുകൊണ്ടിക്കുന്നു, അല്ലാഹുവെ ഞങ്ങൾക്ക് ഞങ്ങൾ ചെയ്ത നന്മകളെ പറ്റി യാതൊരു ഗർവുമില്ല. ഞങ്ങൾ **ഫലാ തുസക്കൂ അൻഫുസകും ഹുവ അഅ്ലമു ബിമനിത്തഖ** എന്ന നിന്റെ സന്ദേശത്തെ നല്ലപോലെ മനസ്സിലാക്കുന്നു. അതായത് അല്ലയോ ജനങ്ങളേ! സ്വയം തങ്ങളെ പരിശുദ്ധരായി ഗണിക്കരുത്. സ്വന്തം നന്മകളെ പ്രകീർത്തിക്കുന്ന സ്വയം തങ്ങളെ പരിശുദ്ധരെന്ന് കരുതുന്ന ദുശ്ശീലത്തെ നിരർഥകമായ പ്രവർത്തനത്തെ ഉപേക്ഷിക്കുക. ആരാണ് യഥാർഥ പരിശുദ്ധനെന്നും ഭക്തനെന്നും അല്ലാഹുവിന് മാത്രമെ അറിയൂ. മറ്റാർക്കും അറിവില്ല......

**കാരുണ്യങ്ങളുടെ ജുമുഅ**

ഈയൊരു എളിമയോടു കൂടി ഇന്നത്തെ ജുമുഅയിൽ പ്രവേശിക്കുന്നവരും ഈയൊരു എളിമയോടു കൂടി ഈ ജുമുഅയിൽ നിന്ന് പുറത്തുകടക്കുകയും ചെയ്യുന്നവർക്ക് ഉറപ്പു നൽകിക്കൊണ്ട് ഞാൻ പറയുന്നു, അല്ലാഹുവിന്റെ കാരുണ്യം അവരെ തിരസ്കരിക്കില്ല. അവരുടെ പ്രതിഫലം അവരുടെ സഹോദരന്മാർക്ക് ലഭിക്കുന്നതാണ്. അവരുടെ സഹോദരന്മാരുടെ പ്രതിഫലം അവർക്ക് ലഭിക്കുന്നതാണ്. അങ്ങിനെ നിങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരുന്ന കാരുണ്യങ്ങളുടെ ജുമുഅ ആയി യഥാർഥത്തിൽ ഈ ജുമുഅ മാറുന്നതാണ്.

**അല്ലാഹുവിന് പരിചയപ്പെടുത്തിക്കൊടുക്കുക**

ആരാധനയ്ക്ക് ഇതുവരെ അവസരം ലഭിക്കാതിരുന്ന ദുർബലരോടും അല്ലെങ്കിൽ ഇതിനു മുമ്പ് ഈ ജുമുഅയുടെ ശ്രേഷ്ഠത ഇതിനു മുമ്പ് അറിവില്ലാതിരുന്നവരോടും ഞാൻ പറയുന്നു, ഈ ജുമുഅ നിങ്ങൾക്ക് നിങ്ങളെ അല്ലാഹുവിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനായിട്ടാണ്, അല്ലാഹുവിന്റെ സ്നേഹത്തിന്റെ മാധുര്യം പറഞ്ഞറിയിക്കുന്നതിനായിട്ടാണ് വന്നിരിക്കുന്നത്........

**സന്ദേശം**

ചുരുക്കത്തിൽ ദുർബലരായവർക്ക് അല്ലാഹുവിന്റെ കാരുണ്യം വളരെ വിശാലമാണ്, മുഴുവൻ ജീവിതത്തെക്കാളും ഉത്തമമായി തോന്നുന്ന ഒരു നിമിഷം ഉണ്ടായേക്കാം എന്ന സന്ദേശവുമായിട്ടാണ് ഈ ജുമുഅ ആഗതമായിട്ടുള്ളത്. അതിനാൽ അത്തരത്തിലുള്ള ദുർബലർ ധാരാളമായി ദുആ ചെയ്യേണ്ടതാണ്. ഈ ജുമുഅയുടെ അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തെ മനസ്സിലാക്കേണ്ടതാണ്....

**വേദനാനിർഭരമായ ജുമുഅ**

മറ്റ് ചിലരുമുണ്ട്. റമദാനിലെ അവരുടെ സമ്പാദ്യം, രാത്രികളിൽ എഴുന്നേറ്റ് ദൈവസന്നിധിയിൽ വിലപിക്കുകയും സുജൂദിന്റെ സ്ഥാനത്തെ കണ്ണുനീർ കൊണ്ട് നനക്കുകയും ചെയ്തവരാകുന്നു. അവരുടെ വിലാപവും അസ്വസ്ഥതയും തേങ്ങലിന്റെ ശബ്ദവും അല്ലാഹുവിന്റെ മാർഗത്തിൽ ഔന്നിത്യത്തിലെത്തി. ചിലസമയത്ത് മുഴുവൻ അന്തരീക്ഷത്തിലും ആ ശബ്ദം അലയടിക്കുന്നു.... അങ്ങനെ മറ്റുള്ളവർക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത ആനന്ദാനുഭൂതികൾ റമദാൻ വിലപിക്കുന്നവർക്ക് നൽകുകയുണ്ടായി...... അങ്ങിനെയുള്ളവർക്ക് ഈ വിടപറയൽ ജുമുഅ വളരെ വേദനാ നിർഭരമായ ജുമുഅ ആയിത്തീരുന്നു. അവരിൽ പലരും ചിന്തിക്കുന്നത്, രോഗികളായ ഞങ്ങൾക്ക് വീണ്ടും അടുത്ത വർഷം അല്ലാഹുവിൽ നിന്ന് ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കുവാൻ ദൈവസന്നിധിയിൽ വിലപിക്കുവാൻ സാധിക്കുമോ എന്നാണ്. ചിലർ വൃദ്ധരാണ് അവർക്കുമറിയില്ല, യുവാക്കൾക്ക് തന്നെ എന്തറിയാം. ആര് എപ്പോൾ ഭൂമിയിൽ നിന്ന് എടുക്കപ്പെടും എന്ന അല്ലാഹുവിന്റെ വിധി അവനല്ലാതെ മറ്റാർക്കും അറിയില്ല. അതിനാൽ നന്മയെ അന്വേഷിക്കുന്ന, ദൈവ സവിധത്തിൽ വിലപി ച്ചു കൊണ്ട് സന്നിഹിതനാകാൻ ആഗ്രഹിക്കുന്നവർക്ക് ഈ ജുമുഅ ഒരു വേദനാ നിർഭരമായ വിടപറയൽ തന്നെയാണ്.

**ശാശ്വത കാരുണ്യത്തിന്റെ അവകാശി**

എന്നാൽ സത്യഹൃദയത്തോടും സ്നേഹത്തോടും കൂടി അല്ലാഹുവിന്റെ കാരുണ്യത്തെ തേടുകയും, പരിശുദ്ധ നിമിഷങ്ങളെ ഹൃദയവേദനയോടു കൂടി വിടചൊല്ലുകയും, നന്മയിൽ ഏറ്റവും കൂടുതൽ ത്യാഗങ്ങൾ ചെയ്യുകയും, തിന്മയിൽ അല്പം പോലും ഭാഗവാക്കാകാതിരിക്കുകയും ചെയ്യുന്നവരോട് ഞാൻ പറയുന്നു, അവർക്ക് അല്ലാഹു ശാശ്വത ബന്ധം നൽകുന്നു. എന്നെന്നും അവരോടൊപ്പം ഉണ്ടായിരിക്കുന്ന ഒരിക്കലും അവരിൽ നിന്ന് വിട്ടു പോകാത്ത ഒരു കാരുണ്യം അവർക്ക് അല്ലാഹു

നൽകുന്നു. അതിനാൽ ഇന്നത്തെതിനു ശേഷം എഴുന്നേൽക്കുന്ന എല്ലാ രാത്രികളിലും അവർ അല്ലാഹുവിന്റെ കാരുണ്യത്തെ തങ്ങളുടെ സമീപത്ത് ദർശിക്കുന്നതാണ്.

**എല്ലാ ജുമുആയും ജുമുഅത്തുൽവിദ**

ഈ ജുമുആ കാരുണ്യം നൽകുന്നതിനായിട്ടാണ് സമാഗതമായത്, കാരുണ്യം തിരിച്ചു കൊണ്ടു പോകാനായിട്ടല്ല. അനുഗ്രഹം നൽകുന്നതിന്നായിട്ടാണ് വന്നിട്ടുള്ളത്, അനുഗ്രഹങ്ങൾ തിരിച്ചെടുക്കാനായിച്ചല്ല. അതിനാൽ നിർഭയത്തോടും സന്തോഷത്തോടും കൂടി ഈ ജുമുആയിലൂടെ കടന്നു പോകുക. അഥവാ അവർ ഇതേ സ്നേഹത്തോടും ആത്മാർഥതയോടും കൂടി തങ്ങളുടെ നാഥന്റെ പക്കൽ കുനിഞ്ഞുകൊണ്ടിരിക്കുകയും ദുആയിൽ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെ ഓരോ ജുമുആയും ജുമുഅത്തുൽ വിദായെ പോലെ അനുഗ്രഹീതമാവുകയും അവരുടെ ഓരോ രാത്രികളും ശബെബാറാത്ത് ആയിത്തീരുകയും ചെയ്യുന്നതാണ്.

## ലയ്ലത്തുൽ ഖദ്ർ

**ഖുർആന്റെ ശൈലി**

ലയ്ലത്തുൽ ഖദ്റിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ ഒരു കാര്യം നിങ്ങളുടെ മുന്നിൽ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. **ഇന്നാ അൻസൽനാഹു ഫീ ലയ്ലത്തിൽ ഖദ്റ്** എന്നതിൽ **ഹു** എന്ന സർവനാമത്തെ സ്വതന്ത്രമാക്കി വിട്ടിരിക്കുകയാണ്. ഇന്നാ അൻസൽനൽ ഖുർആന ഫീ ലയ്ലത്തിൽ ഖദ്റ് എന്ന് പറഞ്ഞില്ല. ഇത് വിശുദ്ധഖുർആന്റെ സവിശേഷ ശൈലിയാകുന്നു. നബി തിരുമേനി (സ)യെയും വിശുദ്ധഖുർആനെയും സംബന്ധിച്ച് ഒന്നിച്ച് പറയാൻ ആഗ്രഹിക്കുന്നിടത്തെല്ലാം സദാ ഈയൊരു ശൈലിയാണ് ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. ....

**പ്രകാശത്തിന്റെ സൂര്യൻ**

ചുരുക്കത്തിൽ അൻസൽനാഹു എന്നതു കൊണ്ടുള്ള വിവക്ഷ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയാകുന്നു. അതായത് ദുഖത്തിന്റെയും വ്യാകുലതയുടെയും രാത്രിയിൽ അതിനെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും രാത്രിയാക്കി മാറ്റുന്നതിനായി ഒരു അനുഗ്രഹീത വ്യക്തിത്വം ഇറങ്ങുകയുണ്ടായി. അദ്ദേഹം വളരെ അൽഭുതകരമായ വിപ്ലവം സംജാതമാക്കി. അന്ധകാരം പ്രകാശമായി മാറാൻ തുടങ്ങി. വിഷമങ്ങളും വിപത്തുകളും സമാധാനത്തിലേക്ക് പരിവർത്തിക്കാൻ തുടങ്ങി. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ കല്പനയാലാണ് സംഭവിച്ചിരുന്നത്. അതിൽ അല്പം പോലും ആ വ്യക്തിത്വത്തിന്റെ വ്യക്തിപരമായ ആഗ്രഹത്താലായിരുന്നില്ല. നിരന്തരമായി അല്ലാഹുവിന്റെ കാരുണ്യം അല്ലാഹുവിന്റെ കല്പനയാൽ ഇറങ്ങുകയായിരുന്നു. അല്ലാഹുവിന്റെ സമാധാനം അവനിൽ നിന്നു തന്നെയായിരുന്നു വന്നു കൊണ്ടിരുന്നത്. അതിന് മാധ്യമമായത് പ്രകാശത്തിന്റെ സൂര്യനായ ഈ ആദിത്യനും. ലയ്ലത്തുൽ ഖദറിനെ സംബന്ധിച്ച്, അത് ഈ മാസത്തിലെ ലയ്ലത്തുൽ ഖദ്റ് വന്ന് കടന്ന് പോയോ അതോ വരാനിരിക്കുന്നുവോ എന്ന് നമുക്കറിയില്ല. എല്ലാവർക്കും ഒരേ രാത്രിയിൽ ലയ്ലത്തുൽ ഖദ്റ് ലഭിക്കുമോ അതോ ഓരോരുത്തർക്കും വ്യത്യസ്ഥ രാത്രിയിൽ ലഭിക്കുമോ എന്നും അറിയില്ല....

**യഥാർഥ ആനന്ദം**

നിർണിതമല്ലാത്ത രാത്രിയെ അന്വേഷിക്കുന്നതിൽ ലഭിക്കുന്ന ആനന്ദം നിർണിത രാത്രിയെ അന്വേഷിക്കുമ്പോൾ ലഭിക്കില്ല. സ്വന്തം അനുഗ്രഹങ്ങളുടെ ഫലമായി ഒരു രാത്രി പത്ത് രാത്രികളായി മാറി. അന്വേഷിക്കുന്നവർക്ക് അത് കഴിഞ്ഞുപോയോ എന്ന് പോലും അറിയുന്നില്ല. അതിനാൽ കഴിഞ്ഞുപോയതിനു ശേഷമുള്ള അവരുടെ രാത്രികളും ദൈവസ്മരണയാൽ സജീവമാകുന്നു. ചില അവസരങ്ങളിൽ പിന്നീട് വരുന്ന രാത്രിയും അവർക്കായി ലയ്ലത്തുൽ ഖദ്റ് ആയിത്തീരുന്നു. അതിനാൽ ലയ്ലത്തുൽ ഖദ്റിന്റെ വിഷയം തുടർന്നുകൊണ്ടിരിക്കുന്നതാണ്.......

**കരസ്ഥമാക്കുന്നതിനുള്ള മാർഗം**

എല്ലാ അർഥങ്ങളും പരാമർശിക്കുക സാധ്യമല്ല. എന്നാൽ പൊതുവായി നൽകപ്പെടുന്ന അർഥം ഒരു പ്രത്യേക രാത്രിയെ സംബന്ധിച്ചാണ്. അങ്ങനെയുള്ള രാത്രി ലഭിക്കുന്നവരുടെ ഭവനങ്ങൾ അനുഗ്രഹങ്ങളാൽ നിറയുന്നു. അവരുടെ ജീവിതം എന്നെന്നേക്കുമായി ഭാസുരമാകുന്നു. ആ രാത്രി കരസ്ഥമാക്കുന്നതിനുള്ള മാധ്യമമേതാണ്? അതിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. അത് മുഹമ്മദ് മുസ്തഫാ (സ) ആകുന്നു. ഈ സൂര്യൻ മുഖാന്തിരമാണ് ഈ സിറാജൻ മുനീറൻ മുഖാന്തിരമാണ് ലയ്ലത്തുൽ ഖദ്ർ രൂപംകൊണ്ടത്.അതിനെ ഇസ്ലാമിന്റെ ശാശ്വത ലയ്ലത്തുർ ഖദ്റായി ഗണിച്ചാലും, അല്ലെങ്കിൽ പ്രത്യേക കാലഘട്ടത്തിലെ ലയ്ലത്തുൽ ഖദ്റായി ഗണിച്ചാലും, അല്ലെങ്കിൽ പ്രവാചക കാലഘട്ടത്തിലെ ലയ്ലത്തുൽ ഖദ്റായി ഗണിച്ചാലും, അല്ലെങ്കിൽ മനുഷ്യ ജീവിതത്തിലെ ഒരു ലയ്ലത്തുൽ ഖദ്റായി ഗണിച്ചാലും, അല്ലെങ്കിൽ ഒരു രാത്രിയായി ഗണിച്ചാലും, അല്ലെങ്കിൽ രാത്രിയുടെ ഏതാനും നിമിഷങ്ങളായാലും, അതിന് ഏതർഥമായാലും അതിന്റെ എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ അസ്ഥിത്വത്തിലൂടെയാണ് ഇറങ്ങിയത്. അതിൽ യാതൊരു സംശയവുമില്ല.

**അത്യധികമായി സ്വലാത്ത് ചൊല്ലുക**

ആയതിനാൽ അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനായി അത്യധികമായി സ്വലാത്ത് ചൊല്ലേണ്ടി വരുന്നതാണ്. സ്നേഹത്തോടെ മനസ്സാന്നിധ്യത്തോടു കൂടി അത്യധികമായി സ്വലാത്ത് ചൊല്ലുക. അങ്ങനെ അന്ധകാരരാത്രികളെ പ്രകാശമയമാക്കുന്ന, ദുഖകരമായ വേദനാജനകമായ നിമിഷങ്ങളെ കാരുണ്യത്തിലേക്കും സമാധാനത്തിലേക്കും പരിവർത്തിക്കുന്ന ആ നൂർ മുസ്തഫാ നിങ്ങളുടെ വ്യക്തിത്വത്തിൽ ഇറങ്ങാൻ തുടങ്ങണം. ഇതിന്റെ പേരാണ് ലയ്ലത്തുൽ ഖദ്ർ.

**ഉത്തമമായ ലയ്ലത്തുൽ ഖദ്ർ**

മുഹമ്മദ് മുസ്തഫാ (സ) ഒരു രാത്രി ആർക്കെങ്കിലും ലഭിക്കുകയാണെങ്കിൽ, അവന്റെ അസ്ഥിത്വത്തിലേക്ക് സ്നേഹത്തോടെ പ്രവേശിക്കുകയാണെങ്കിൽ, അവന്റെ ഓരോ ശരീരഭാഗങ്ങളിലും അലിഞ്ഞുചേരുകയാണെങ്കിൽ, അവന്റെ പ്രകൃതമായി മാറുകയാണെങ്കിൽ, അവന്റെ സ്വഭാവമായി മാറുകയാണെങ്കിൽ, അവന്റെ ശീലങ്ങളിൽ പ്രാഭാവിതമാകുകയാണെങ്കിൽ അതിനേക്കാൾ ഉത്തമമായ മറ്റൊരു ലയ്ലത്തുൽ ഖദ്റില്ല തന്നെ. ആയിരം മാസങ്ങൾ അവന്റെ കാല് ചുംബിക്കുകയും അവന്റെ മുന്നിൽ വിലപിക്കുകയും സുജൂദ് ചെയ്യുകയും ചെയ്താലും ഈയൊരു രാത്രി ആ എല്ലാ മാസങ്ങളെക്കാളും മികച്ചതും അധികം അനുഗ്രഹങ്ങളുൾക്കൊള്ളുന്നതും ആകുന്നു.

**ആത്മീയ സൂര്യനെ സ്വാംശീകരിക്കുക**

അതിനാൽ ഇന്നും ഇതിനു ശേഷമുള്ള രാത്രികളിലും അതിനായി ശ്രമിക്കുക. അത്യധികമായി മുഹമ്മദ് മുസ്തഫാ (സ) യുടെ മേൽ സ്വലാത്ത് ഉരുവിട്ടു കൊണ്ടിരിക്കുക. തൽഫലമായി ഈ പ്രപഞ്ചത്തിലെ ആത്മീയ ലോകത്തെ ആ തിളങ്ങുന്ന സൂര്യൻ നിങ്ങളുടെ പ്രപഞ്ചഅസ്ഥിത്വത്തിന്റെ തിളങ്ങുന്ന സൂര്യനായി മാറണം. അങ്ങനെ അത് നിങ്ങളുടെ അസ്ഥിത്വത്തിലും തിളങ്ങണം, നിങ്ങളുടെ ഹൃദയത്തിലേക്കും പ്രവേശിക്കണം, നിങ്ങളുടെ മുഴുവൻ ജീവിതത്തെയും പ്രകാശമയമാക്കണം. അഥവാ അഹ്മദിയ്യാ ജമാഅത്തിന് ഈ ലയ്ലത്തുൽ ഖദ്റ് ലഭിക്കുകയാണെങ്കിൽ ഈ ലയ്ലത്തുൽ ഖദ്റിന്റെ അനുഗ്രഹങ്ങളെ ലോകത്താർക്കും തന്നെ നഷ്ടപ്പെടുത്താൻ സാധിക്കില്ല. അസാധ്യമാണത്.

**മഹത്തായ വിപ്ലവം**

ഈ ലയ്ലത്തുൽ ഖദ്ർ **മത്വ്ലഇൽ ഫജ്റായി** മാറാറുണ്ട്. അതായത് പെട്ടെന്ന് അതിമഹത്തായ ഒരു വിപ്ലവം സംജാതമാകുന്നു. രാത്രി എന്ന് പറഞ്ഞിരുന്നതിനെ പകൽ എന്ന് വിളിക്കാൻ തുടങ്ങുന്നു. അന്ധകാരമെന്ന് കരുതിയിരുന്നത് പ്രകാശമായി മാറുന്നു. അങ്ങനെ പ്രഭാതോദയം ആകുന്നു. ഈയൊരു ദൃഢവിശ്വാസത്തോടും മുഹമ്മദ് മുസ്തഫാ (സ) യുടെ സ്നേഹത്താലും അനുഗ്രഹത്താലും മനുഷ്യൻ ജീവിക്കുന്നു. പിന്നീടൊരിക്കലും അവന്റെ ജീവിതത്തിൽ ഒരു രാത്രിയും വരുന്നതല്ല. അല്ലാഹു നമുക്ക് ഹദ്റത് നബി തിരുമേനി(സ) യുടെ സൽമാതൃകയെ അനുധാവനം ചെയ്തുകൊണ്ട് ലോകത്തെ ഇസ്ലാമിന്റെ പ്രാകാശത്താൽ പ്രശോഭിതമാക്കുന്നതിനുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ

(ഖുത്വുബ ജുമുഅ: 08.08.1983)

*സമ്പാ: ടി.എം.*



സ്മൃതിപഥം

# മൗലവി അബ്ദുൾ വഹാബ് ആദം സാഹിബ്

ആഫ്രിക്കൻ രാജ്യമായ ഘാനയിലെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ അമരക്കാരനായിരുന്ന മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബ് നമ്മെ വേർ പിരിഞ്ഞിരിക്കുന്നു *(ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ).* അനുകരണ യോഗ്യമായ ജീവിതത്തിന്റെ തിളങ്ങുന്ന അധ്യായം രചിച്ചുക്കൊണ്ടാണ് അദ്ദേഹം കാലയവനികയിലേക്കു മറഞ്ഞത്.



മൗലവി
അബ്ദുൾ വഹ്ഹാബ് ആദം സാഹിബ്

അനുകമ്പയുടെയും ദയയുടെയും ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റേയും ആൾരൂപമായിരുന്ന മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബ് ഘാനയിലെ അദൻസി എന്ന ഗ്രാമത്തിൽ 1938 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1952ൽ പാക്കിസ്ഥാനിലെ റബ്‌വയിലുള്ള ജാമിയ അഹ്മദിയ്യയിൽ ചേരുകയും ശാഹിദ് ഡിഗ്രി 1960ൽ കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് ഘാനയിലെ വിവിധ സ്ഥലങ്ങളിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചു. 1971ൽ അദ്ദേഹം യു.കെ.യിലെ മസ്ജിദ് ഫള്‌ലിൽ നാഇബ് ഇമാമായി നിയമിതനായി.1975ൽ ഘാനയിലെ അമീറും മുബല്ലിഗ് ഇൻ ചാർജുമായി നിയമിക്കപ്പെട്ടു. തന്റെ വഫാത്ത് വരെ,ഏകദേശം 39 വർഷത്തോളം ഈ സ്ഥാനത്ത് തുടരാനുള്ള ഭാഗ്യം അല്ലാഹു അദ്ദേഹത്തിനു നൽകി.ഇക്കാലഘട്ടത്തിൽ ജമാഅത്തിന് വമ്പിച്ച പുരോഗതി ഘാനയിൽ ലഭിക്കുകയുണ്ടായിട്ടുണ്ട്. നിരവധി സ്കൂളുകളും ആശുപത്രികളും,അധ്യാപക പരിശീലന കോളേജുകളും ഹോമിയോപതിക് ക്ലിനിക്കുകളും തുടങ്ങുവാനുള്ള സൗഭാഗ്യം ലഭിച്ചു.ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമ രംഗത്ത് പ്രത്യേക പ്രാധാന്യം ജമാഅത്തിന് ലഭ്യമാക്കുന്നതിന് ഇദ്ദേഹത്തിന്റെ നേതൃത്വത്തിനു കഴിഞ്ഞിട്ടുണ്ട്.

ആദ്യത്തെ ആഫ്രിക്കൻ കേന്ദ്ര മിഷണറിയായ മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബ് ഘാനയിലെ ആദ്യത്തെ അമീറും മുബല്ലിഗ് ഇൻ ചാർജുമായിരുന്നു. റബ്‌വയിൽ ഖലീഫത്തുൽ മസീഹിനെ പ്രതിനിധാനം ചെയ്തുക്കൊണ്ട് തദ്ദേശീയ അമീറാകാനുള്ള ഭാഗ്യം ലഭിച്ച ആദ്യ ആഫ്രിക്കക്കാരനായിരുന്നു അദ്ദേഹം. യൂറോപ്പിൽ പ്രവർത്തിക്കാൻ കഴിഞ്ഞ ആദ്യ ആഫ്രിക്കൻ മിഷണറിയുമായിരുന്നു. കാനഡ, ജർമ്മനി, ബെനിൻ, ബുർക്കിന ഫാസോ, മാലി, ഐവറികോസ്റ്റ്, നൈജീരിയ, ലൈബീരിയ, സിയറിലോൺ, ജമൈക്ക തുടങ്ങിയ വിവിധ വിദേശ രാജ്യങ്ങളിൽ ഖിലാഫത്തിന്റെ പ്രതിനിധിയായി പര്യടനം നടത്താനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. നടത്താനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.









പഠന ഗവേഷണ രംഗത്ത് തന്റേതായ സംഭാവനകൾ നൽകാൻ മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബിനു കഴിഞ്ഞിട്ടുണ്ട്. 'ഇസ്‌ലാമും വർണവും വംശവും തമ്മി ലുള്ള വിവേചനം', 'ഇസ്‌ലാമും ക്രിസ്തുമതവും' എന്നീ വിഷയങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കഴിവുകൾ അംഗീകരിച്ചുക്കൊണ്ട് യൂണിവേഴ്സിറ്റി ഓഫ് കേപ്കൊസിട്നെ പി. എച്ച്.ഡി.നൽകി ആദരിക്കുകയുണ്ടായി. അമേരിക്കയിൽ നിന്നു അമ്പാസിഡർ ഓഫ് പീസ് എന്ന ബഹുമതി ലഭിക്കുകയുണ്ടായി. വിദ്യഭ്യാസ–ആരോഗ്യ–കൃഷി മേഖലകളിലും രാജ്യത്തിന്റെ പൊതുവെയുള്ള സമാധാനത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ട് ഘാന സർക്കാർ അദ്ദേഹത്തെ 'കമ്പാനിയൻ ഓഫ് ദ ഓർഡർ ഓഫ് വോൾട്ട' എന്ന ബഹുമതി നൽകി ആദരിച്ചു.ഘാന സെന്റർ ഫോർ ഡമോക്രാറ്റിക് ഡവലപ്മെന്റ് മെമ്പർ, ഘാന ഇന്റഗ്രിറ്റി ഇനിഷ്യേറ്റീവ് വൈസ് ചെയർമാൻ, നാഷണൽ പീസ് കൗൺസിൽ മെമ്പർ, നാഷണൽ റീകൺസിലിയേഷൻ മെമ്പർ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.



REPUBLIC OF GHANA

April 24, 2002

APPOINTMENT AS MEMBER OF THE NATIONAL RECONCILIATION COMMISSION

I write to inform you that pursuant to section 2 of the National Reconciliation commission Act 2002 (Act 611) and in consultation with the Council of State, I have this day appointed you to be a member of the National Reconciliation Commission.

I am confident that you will discharge your high duties to the satisfaction of the people of Ghana.

Please accept my congratulations.

JOHN AGYEKUM KUFUOR
PRESIDENT OF THE REPUBLIC OF GHANA

AMEER ABDUL WAHAB BIN ADAM
ACCRA






Interreligious and International Federation for World Peace

AMBASSADOR FOR PEACE

Interreligious and International Federation for World Peace

*Consistent with its mission to establish world peace, the Interreligious and International Federation for World Peace acknowledges as Ambassador for Peace those individuals whose lives exemplify the ideal of living for the sake of others, and who dedicate themselves to practices which promote the founding ideals of the IIFWP: Universal moral values, strong family life, interreligious cooperation, international harmony, renewal of the United Nations, a responsible public media, and the establishment of a culture of peace. Transcending racial, national and religious barriers, the Ambassador for Peace contribute to the fulfillment of the hope of all ages, a unified world of peace wherein the spiritual and material dimensions of life are harmonized.*

*The Interreligious and International Federation for World Peace is proud to hereby recognize as an Ambassador for Peace,*

Mauvi Wahab Adams

*Rev. Dr. Sun Myung Moon, Founder*

*Dr. Hak Ja Han Moon, Co-Founder*



ഘാനയുടെ രാഷ്ട്രീയ രംഗങ്ങളിൽ മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബിന്റെ വാക്കുകൾക്ക് വലിയ വില ലഭിച്ചിരുന്നു. രാഷ്ട്രീയ പാർട്ടികൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ രാജ്യത്തിന്റെ ശാന്തിയും സമാധാനവും തകർക്കാതിരിക്കുന്നതിനായി അവരുടെ അഭിപ്രായവ്യത്യാസങ്ങൾ സമാധാനപൂർവ്വം പറഞ്ഞു തീർക്കുന്നതിനായി അദ്ദേഹം മുൻകയ്യെടുത്തിരുന്നു.

മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബിന്റെ വിയോഗത്തിൽ ഘാന പ്രസിഡന്റ് തുടങ്ങി രാഷ്ട്രീയ– സാമൂഹിക –മത രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമുന്നതരായ വ്യക്തികൾ അതീവ ദു:ഖം രേഖപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ ഖബറടക്കം ഔദ്യോഗിക ബഹുമതികളോടെ മൂസിയാൻ ഖബർസ്ഥാനിൽ നടക്കുകയുണ്ടായി. ഘാനയുടെ ഔദ്യോഗിക ടെലിവിഷൻ ചാനൽ ഇത് തത്സമയം കാണിക്കുകയുണ്ടായി.

മൗലവി അബ്ദുൾ വഹ്ഹാബ് ആദം സാഹിബ് 2014 ജൂൺ 22ന് ഈ ഭൂമിയിലെ ജീവിതം ഉപേക്ഷിച്ചു പോവുമ്പോൾ നമുക്ക് നഷ്ടമാകുന്നത് അനിതരസാധാരണ രീതിയിൽ ഖിലാഫത്തിനെ സ്നേഹിച്ച അഹ്മദിയ്യത്തിന്റെ വീരപോരാളിയെ മാത്രമല്ല മഹാനായ മനുഷ്യസ്നേഹിയെ കൂടിയാണ്. അല്ലാഹു അദ്ദേഹത്തിനു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, ആമീൻ.





അനുസ്മരണം

സഗീർ എച്ച്.എസ്.

# സാഹിബ് സാദാ മിർസാ അൻവർ അഹ്മദ് സാഹിബ്



**റബ്‌വ:** ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനും ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പുത്രനുമായ സാഹിബ് സാദാ മിർസാ അൻവർ അഹ്മദ് സാഹിബ്(87) 2014 ജൂലൈ 14 ന് ഇവിടെ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒന്നാമത്തെ ഭാര്യ ഹദ്റത് മഹ്മൂദാ ബേഗം സാഹിബ(റ) വാണ് മാതാവ്.

1927 ഒക്ടോബർ 3ന് ഖാദിയാനിലാണ് ജനിച്ചത്. 1944ൽ മെട്രിക് പാസായി. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഗ്രഹപ്രകാരം ഫൈസലാബാദ് അഗ്രിക്കൾച്ചർ യൂണിവേർസിറ്റിയിൽ ചേർന്ന് പഠിച്ചു.

ലങ്കർഖാന റബ്‌വയുടെ ആദ്യകാല ബിൽ ഡിംഗിന്റെ നിർമാണപ്രവർത്തനം ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഇദ്ദേഹത്തെയാണ് ഏൽപ്പിച്ചത്.

1982..1983 വരെ ലങ്കർ ഖാനയുടെ ഓഫീസർ ആയിരുന്നു. നാഇബ് നാസിർ ബൈത്തുൽ മാൽ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സിന്ധിലുള്ള ഭൂമിയുടെ മേൽനോട്ടവും ഇദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത പുത്രൻ ഹ.സുൽത്താൻ അഹ്മദ് സാഹിബിന്റെ മകൻ ഹ.റശീദ് അഹ്മദ് സാഹിബിന്റെ മകൾ സാഹിബ് സാദീ സ്വബീഹ ബേഗം സാഹിബയാണ് ഭാര്യ.

മക്കൾ: സാഹിബ് സാദീ അമത്തുൽ വഹീദ്, സാഹിബ് സാദീ അത്വിയ ബേഗം, സാഹിബ് സാദീ അമത്തുൽ വക്കീൽ, സാഹിബ് സാദാ മിർസാ അഹ്സൻ അഹ്മദ് സാഹിബ്.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തുൽ ഫിർദൗസും നൽകുമാറാകട്ടെ. ആമീൻ.

(അവ: അൽഫദ്ൽ റബ്‌വ 16.7.14)

# മൗലാനാ നസീർ അഹ്മദ് അൻജും സാഹിബ്



**റബ്‌വ:** പ്രശസ്ത വാഗ്മിയും എഴുത്തുകാരനും ജാമിഅ അഹ്മദിയ്യാ അദ്ധ്യാപകനുമായ മൗലാനാ നസീർ അഹ്മദ് അൻജും സാഹിബ് (49) ജൂലൈ 12 ന് പുലർച്ചെ 1 മണിക്ക് ഇവിടെ താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ

രണ്ട് ദിവസം മുമ്പ് മസ്തിഷ്കാഘാതത്തെ തുടർന്ന് കോമയിലായ അദ്ദേഹത്തിന് പിന്നെ ബോധം തെളിഞ്ഞിരുന്നില്ല.

1965 മെയ് 10 ന് സർഗോദയിലാണ് ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസം ജന്മനാട്ടിൽ തന്നെ പൂർത്തിയാക്കിയ ശേഷം 1981 ൽ ജീവിതം വഖ്ഫ് ചെയ്ത് ജാമിഅയിൽ ചേർന്നു. എല്ലാ ക്ലാസുകളിലും ഉന്നത വിജയം കരസ്ഥമാക്കിക്കൊണ്ട് 1988 ൽ ജാമിഅ പഠനം പൂർത്തിയാക്കി. തുടർന്ന് ടോബ ടേക് സിങ്ക് എന്ന സ്ഥലത്ത് മുബല്ലിഗായി നിയമിതനായി. റഷ്യൻ ഭാഷ പഠിച്ചിട്ടുള്ള മൗലാനാ സാഹിബ് മത താരതമ്യ പഠനത്തിൽ സ്പെഷ്യലൈസും ചെയ്തിട്ടുണ്ട്.

1999 ജൂലൈ 18 മുതൽ ജാമിഅയിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. നേരത്തേയും കുറച്ചുകാലം ജാമിഅയിൽ അദ്ധ്യാപകനായിരുന്നു. 25 വർഷം ജാമിഅയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ദേശീയ പ്രവർത്തക സമിതിയിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. തശ്ഹീദുൽ അദ്ഹാൻ, അൻസാറുല്ലാഹ് എന്നീ മാസികകളുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. മജ്‌ലിസ് ഇഫ്താ (ഫത്‌വാ കമ്മിറ്റി)യിൽ അംഗമായിരുന്നു. രണ്ട് തവണ കേന്ദ്ര പ്രതിനിധിയായി യു.കെ. ജൽസയിൽ സംബന്ധിക്കാനും പ്രഭാഷണം നടത്താനും അവസരം ലഭിച്ചിട്ടുണ്ട്. എം.ടി.എ യിൽ നിരവധി പ്രോഗ്രാമുകൾ ചെയ്തിട്ടുണ്ട്.

ചോദ്യോത്തരവേദികൾ കൈകാര്യം ചെയ്യാൻ അസാമാന്യ പ്രാവീണമുണ്ടായിരുന്നു. മൗലാനാ സാഹിബ് ശാഹിദ് ഡിഗ്രിക്ക് സമർപ്പിച്ച മുഹമ്മദിയ്യാ ഉമ്മത്തിലെ മുജദ്ദിദുമാർ എന്ന പ്രബന്ധം പിന്നീട് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ: നാസിറ അൻജും സാഹിബ.

ആൺമക്കൾ: സഹീർ അഹ്മദ്, മർഗൂബ് അഹ്മദ്, സഫീർ അഹ്മദ്.

പെൺമക്കൾ: ഹിറാ കൗകബ്, ഹിബത്തുൽ ഹയ്, ഖദീജ മാഹിം.

അല്ലാഹു മൗലാനാ സാഹിബിന് മഗ്ഫിറത്തും ജന്നത്തുൽ ഫിർദൗസും നൽകുമാറാകട്ടെ.ആമീൻ.

(അവ: അൽഫദ്ൽ റബ്‌വ 14.7.14)

ആരോഗ്യം

ഡോക്ടർ നദീർ അഹ്മദ് മസ്ഹർ

# കൊളസ്ട്രോൾ




## ബ്ലഡ്കൊളസ്ട്രാളിന്റെ വർദ്ധനവിന് കാരണമാകുന്നവ

പൊരിച്ച ഭക്ഷണ പദാർഥങ്ങൾ, പാലിന്റ കൊഴുപ്പ്, നെയ്യ്, മൈദ കൊണ്ടുണ്ടാക്കുന്ന പഞ്ചസാര കേക്ക്, പേസ്ട്രി, ബിസ്കറ്റ്, പാൽക്കട്ടി, ഐസ്ക്രീം, ഇറച്ചി (വിശേഷിച്ച് ബീഫ്), മുട്ട (ഒരു മുട്ടയുടെ മഞ്ഞക്കരുവിൽ 300 മില്ലിഗ്രാം കൊളസ്ട്രോൾ അടങ്ങിയിരിക്കുന്നു), ചിട്ടയില്ലാത്ത ഭക്ഷണക്രമം, പുകവലി, മദ്യപാനം, ചായ, കോള, കാപ്പി. ചായയിലും കാപ്പിയിലും കോളയിലും കാണപ്പെടുന്ന ഒരു കെമിക്കലാണ് കഫീൻ. പഠനത്തിൽ നിന്നും മനസിലായത് ചായയിൽ മറ്റുള്ളതിനെ അപേക്ഷിച്ച് കഫീൻ കുറവാണ്. എന്നാൽ കാപ്പിയുടെ അധിക ഉപയോഗം രക്തസമ്മർദ്ധത്തിന്റെയും കൊളസ്ട്രോളിന്റെയും അളവിനെ വർദ്ധിപ്പിക്കുന്നു.





**കോപം, കലഹം, മാനസിക പിരിമുറുക്കം, മാനസിക പ്രയാസങ്ങൾ** എന്നിവയും കൊളസ്ട്രോളിന്റെ അളവിനെ വർദ്ധിപ്പിക്കുന്നവയാണെന്ന് കണ്ടെത്തിയിരിക്കുന്നു.




കാരണം ഇവയുടെ ഫലമായി ശരീരത്തിൽ എഡ്രിനാലിൻ, കാരിയിസെൺ എന്നീ ഹോർമോണുകൾ ഉടലെടുക്കുന്നു. അത് ധാരാളമായി കൊഴുപ്പുൽപാദിപ്പിക്കുന്നതിന് കാരണമായിത്തീരുന്നു.

## ബ്ലഡ്കൊളസ്ട്രാളിന്റെ വർദ്ധനവിന് കാരണമാകുന്നവ









## ബ്ലഡ് കൊളസ്ട്രോളിന്റെ അളവ്
(പ്രായപൂർത്തിയായവരിൽ)

| | |
|---|---|
| 200 മില്ലീഗ്രാമിൽ കുറവ് | **സാധാരണം** |
| 200 മുതൽ 239 മി.ഗ്രാം വരെ | **സാധാരണയിൽ അല്പം കൂടുതൽ** |
| 240 ന് മുകളിൽ | **അപകട മേഖലയിലെത്തിയ കൊളസ്ട്രോൾ** |

*(അൽഫദ്ൽ റബ്വ: 06.04.2005)*

പൊതുവിജ്ഞാനം



# MOHENJO-DARO
# മോഹൻജോദാരോ

സിന്ദ് താഴ്വരയിൽ കൃസ്തുവിന് 2500 വർഷങ്ങൾക്കു മുമ്പ് പുരോഗതിയുടെ പാരമ്യതയിൽ എത്തിയ സംസ്കാരമായിരുന്നു മോഹൻജോദാരോ. പിന്നീട് ക്രിസ്തുവിന് 1500 വർഷങ്ങൾക്ക് മുമ്പ് അതിന് അപചയം സംഭവിക്കാൻ തുടങ്ങി.

35,000 മുതൽ 50,000 വരെ ജനസംഖ്യയുള്ള വികസിത പട്ടണമായിരുന്നു ഇത്. പഠനങ്ങളിൽ നിന്നും മനസിലാകുന്നത് വ്യത്യസ്ത വംശജരായിരുന്നു ഇവിടെ വസിച്ചിരുന്നത് എന്നാണ്.



Mohenjo-daro great bath



Gold Agate Necklace

1922ലാണ് ഖനനത്തിലൂടെ പുറംലോകത്തിന് അവരെ സംബന്ധിച്ചുള്ള വിവരം ലഭിച്ചത്. ഏകദേശം 300 നടുത്ത് കെട്ടിടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. അതിൽ സാധാരണ വീടുകളും പലനിലകളിലുള്ള വീടുകളും കണ്ടെത്തിയിട്ടുണ്ട്. അതിൽ കുളി മുറികളും അടുക്കളയും മുറ്റവുമെല്ലാം ഉണ്ടായിരുന്നു. അതിവിശാലമായ കെട്ടിടങ്ങളുടെ നിർമിതിയിൽ നിന്നും മനസിലാകുന്നത് നിർമാണപ്രവർത്തനത്തിൽ അവർ അതിവിദഗ്ദരായിരുന്നു എന്നാണ്. റോഡുകളും ഇടനാഴികളും ഉറച്ചതായിരുന്നു. മലിനജലം പുറന്തള്ളുന്നതിനുള്ള സംവിധാനം മികച്ചതായിരുന്നു.

രണ്ടു വിഭാഗക്കാരാണ് അവിടെ വസിച്ചിരുന്നത്. വലിയ വിഭാഗക്കാർ ശരീരം മുഴുവനും മറക്കുകയും വലിയ കോട്ടകളിൽ വസിക്കുകയും ചെയ്യുന്നവരായിരുന്നു. താണ വിഭാഗക്കാർ അരക്ക് താഴേക്ക് മാത്രം മറക്കുകയും കോട്ടക്ക് പുറത്ത് താമസിക്കുന്നവരുമായിരുന്നു. കച്ചവടമായിരുന്നു തൊഴിൽ. പരുത്തിയുടെ കേന്ദ്രമായിരുന്നു.



House Inside



"The Priest-King"
a seated stone sculpture.



Stone Tools

സ്ത്രീകൾ ആഭരണക്കമ്പക്കാരായിരുന്നു. സ്വർണവും വെള്ളിയും കൂടാതെ ആനക്കൊമ്പ് രത്നങ്ങൾ എന്നിവയുടെ ആഭരണങ്ങളും ഉപയോഗിച്ചിരുന്നു. ദേവിമാതാവിനെയായിരുന്നു ആരാധിച്ചിരുന്നത്. കൂടാതെ കല്ലുകളെയും മരങ്ങളെയും മൃഗങ്ങളെയും പൂജിച്ചിരുന്നു. പുറത്ത് നിന്നുള്ളവരുടെ ആക്രമണമാണ് അവരുടെ തിരോധാനത്തിന് കാരണമെന്ന് ചിലർ പറയുമ്പോൾ മറ്റ് ചിലർ മാറാവ്യധികളും കാലാവസ്ഥാവ്യതിയാനവുമാണ് അവരുടെ തിരോധാനത്തിന് കാരണമായി പറയുന്നത്.

*(അൽഫദ്ൽ ഇന്റർനാഷണൽ )*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Chief Editor : Mohammad Najeeb Khan
Editor : Arif Mohammad
Members : Ameerudheen Sajid, T.Jamshad Ahmad

Not for Sale, Circulation among members only
Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut